# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നീലംപേരൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 10-1443/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയതി: 22/12/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നീലംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി./പി 10-1443/2023 തീയ്യതി: 22/12/2023

## ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 30-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 13-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2023 | 13-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.പി.സാബു, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീമതി ശ്രീദേവി ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ജാകലിൻ പി.ഡബ്ല്യു., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ലക്ഷ്മികാന്ത് പി., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ടി.കെ.തങ്കച്ചൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.ജയലത.വി | സെക്രട്ടറി | 01-04-2022 | 22-04-2022 |
| ശ്രീ.എ.ജി.അനിൽകുമാർ | സെക്രട്ടറി | 04-05-2022 | 28-09-2022 |
| ശ്രീ.അനിൽകുമാർ.പി.കെ | സെക്രട്ടറി | 29-09-2022 | 19-03-2023 |
| ശ്രീ.നവാസ്.ബി | സെക്രട്ടറി | 22-03-2023 | 31-03-2023 |
| ശ്രീമതി.ഗീതമ്മ.എ.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 23-04-2022 | 03-05-2022 |
| ശ്രീ.ജി ശ്രീകുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-03-2023 | 21-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി .ശ്രുതി.പി.എൽ | കൃഷി ഓഫീസർ | 01-04-2022 | 08-12-2022 |
| ശ്രീമതി.അശ്വനി.കെ.എസ് | കൃഷി ഓഫീസർ | 09-12-2022 | 31-03-2023 |
| ഡോ.ദിവ്യ ചന്ദ്രൻ | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ.എലിസബത്ത് രാജൻ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ.മരിയ തെരേസ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ജയ ഭാസ്കർ | മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 01-04-2022 | 31-03-2023 |
| ശ്രീമതി .സിനി.എസ്.നായർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി .മിനികുമാരി.കെ.എസ് | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീമതി .വിനീത.ജി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഗീതമ്മ.എ.കെ | അസി.സെക്രട്ടറി | 01-04-2022 | 31-10-2022 |
| ശ്രീ.ജി.ശ്രീകുമാർ | അസി.സെക്രട്ടറി | 01-11-2022 | 31-03-2023 |
| ശ്രീമതി .അജിത അനീഷ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 28-08-2022 |
| ശ്രീ.ഫസലുൽ റഹ്മാൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 29-08-2022 | 19-09-2022 |
| ശ്രീമതി.രശ്മി.എൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 20-09-2022 | 31-03-2023 |
| ശ്രീ.ആരിഫ് ഖാൻ | വില്ലേജ് എക്സ്റ്റൻഷൻ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഓഫീസർ(ചേന്നങ്കരി സർക്കിൾ) | | |
| ശ്രീ.സതീഷ്കുമാർ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(നീലംപേരൂർ സർക്കിൾ) | 01-04-2022 | 22-07-2022 |
| ഒഴിവ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(നീലംപേരൂർ സർക്കിൾ) | 23-07-2022 | 21-10-2022 |
| ശ്രീ.ആരിഫ് എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(നീലംപേരൂർ സർക്കിൾ ) | 22-10-2022 | 09-01-2023 |
| ശ്രീ.ആരിഫ് ഖാൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(നീലംപേരൂർ സർക്കിൾ ചാർജ് ) | 10-01-2023 | 31-03-2023 |
| ശ്രീമതി.ചന്ദ്രലേഖ.ടി | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 30-01-2023 |
| ശ്രീമതി.എയ്ഞ്ചൽ അയന കെ.ജെ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 31-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി | 1-1-1 |
| 3 | സി.എഫ്.സി. ഗ്രാന്റ് ടൈഡ് ചെലവ് വാർഷികകണക്കും എ.സി.ആറും വ്യത്യാസപ്പെട്ടിരിക്കുന്നു | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രിക എം.ജി.എൻ.ആർ.ഇ.ജി.എസ്. ചെലവ് ഇ.എഫ്.എം.എസ്. സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-3 |
| 5 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-4 |
| 6 | വസ്തുനികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റ് കളക്ഷൻ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | ബജറ്റ് | 1-2 |
| 9 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 10 | ഗ്രാന്റ് വിനിയോഗം | 1-4 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 12 | പദ്ധതി അവലോകനം | 1-6 |
| 13 | ക്ഷേമപദ്ധതികൾ | 1-7 |
| 14 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 16 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 17 | ലൈസൻസ് ഫീസ്, മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല | 1-11 |
| 18 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല | 1-12 |
| 19 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല -പഞ്ചായത്തിന് വരുമാന നഷ്ടം | 1-13 |
| 20 | വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം | 1-14 |
| 21 | വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും - സർക്കാർ ഉത്തരവ് ലംഘിക്കപ്പെടുന്നു | 1-15 |
| 22 | ഓഡിറ്റ് ഇംപാക്ട്- എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾക്ക്- കരാറുകാരിൽ നിന്നും ഈടാക്കാതിരുന്ന ആദായ നികുതി ഈടാക്കി | 1-16 |
| 23 | ഓഡിറ്റ് ഇംപാക്ട്-എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികൾ- കരാറുകാരിൽ നിന്നും ഈടാക്കാതിരുന്ന ജി.എസ്.ടി. ഈടാക്കി | 1-16(1) |

| | | |
|---|---|---|
| 24 | MGNREGS-ഓഡിറ്റ് ഇംപാക്റ്റ്-സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി ഈടാക്കാതിരുന്നത് തിരികെ ഈടാക്കി | 1-16(2) |
| 25 | പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടിയ അളവിൽ നൽകുന്നത് മൂലം അധിക ചെലവ് | 1-17 |
| 26 | അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കാതെ സാനിറ്ററി നാപ്കിൻ ബേണിംഗ് മെഷീൻ വാങ്ങി | 1-18 |
| 27 | അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി. വൃദ്ധർക്ക് കട്ടിൽ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല | 1-19 |
| 28 | ഹരിതകർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾ പദ്ധതി അപാകതകൾ | 1-20 |
| 29 | സ്ട്രീറ്റ് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-21 |
| 30 | ലൈഫ് ഭവനനിർമ്മാണം വീട്പണി ആരംഭിച്ചിട്ടില്ല | 1-22 |
| 31 | വൃദ്ധർക്ക് കട്ടിൽ വിതരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കി | 1-23 |
| 32 | പ്രവർത്തനക്ഷമം അല്ലാത്ത പൊതു ടാപ്പുകൾ -വാട്ടർ ചാർജ് കുടിശ്ശിക നിലനിൽക്കുന്നു | 1-24 |
| 33 | ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-25 |
| 34 | മുദ്രപത്ര വില ഈടാക്കിയതിൽ കുറവ് | 1-26 |
| 35 | MGNREGS- കയർഭൂവസ്ത്രം വിരിക്കൽ -ആവശ്യമായതിലും അധികം കയർഭൂവസ്ത്രം വാങ്ങുന്നത് മൂലം അധിക ചെലവ് | 1-27 |
| 36 | ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു | 1-28 |
| 37 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയതിൽ കുറവ് | 1-29 |
| | ഭാഗം **2** | |
| 1 | ലൈസൻസ് ഫീസ്, മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല | 2-1 |
| 2 | തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല | 2-2 |
| 3 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല -പഞ്ചായത്തിന് വരുമാന നഷ്ടം | 2-3 |
| 4 | വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം | 2-4 |
| | ഭാഗം **3** | |
| 1 | ഹരിതകർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾ പദ്ധതി അപാകതകൾ | 3-1 |
| 2 | പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയതിൽ കുറവ് | 3-2 |
| 3 | പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടിയ അളവിൽ നൽകുന്നത് മൂലം | 3-3 |

| | | |
|---|---|---|
| | അധിക ചെലവ് | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 21.07.2023 ലെ 3(1) കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 25.07.2023-ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി

തൻവർഷം പ്രോജക്ട് നം.S0001/23 പ്രകാരം സ്ട്രീറ്റ് ലൈൻ വലിക്കൽ പദ്ധതിക്കായി 22,71,798 /- രൂപ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ചതായി കാണുന്നു. ഈ പദ്ധതി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. ഈ തുകകൾ പൂർണമായും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18-ൽ Advance To Implimenting Agencies – Deposit With Kerala Electricity Board / Kerala Water Authority എന്ന ഹെഡിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

1-1-2 സി.എഫ്.സി. ഗ്രാന്റ് ടൈഡ് ചെലവ് വാർഷികകണക്കും എ.സി.ആറും വ്യത്യാസപ്പെട്ടിരിക്കുന്നു

സി.എഫ്.സി. ഗ്രാന്റ് ടൈഡ് ചെലവ് വാർഷികകണക്ക് പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

I-6 – 940421

– 476494

– 205923 ( C.C )

ആകെ ചെലവ് വാർഷികകണക്ക് പ്രകാരം - 16,22,838/-

ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ. എന്നിവ പ്രകാരം ടൈഡ് ആകെ ചെലവ് ചെലവ് - 16,27,172/- വ്യത്യാസം - 4,334/- രൂപ വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-3 വാർഷിക ധനകാര്യ പത്രിക എം.ജി.എൻ.ആർ.ഇ.ജി.എസ്. ചെലവ് ഇ.എഫ്.എം.എസ്. സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക ധനകാര്യ പത്രിക I-6 ഷെഡ്യൂൾ പ്രകാരം എം.ജി.എൻ.ആർ.ഇ.ജി.എസ്. ചെലവ് 5,34,69,396 രൂപയാണ് ആകെ ചെലവായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ എൻ.ആർ.ഇ.ജി.എസ്. ക്യാഷ്ബുക്ക് പ്രകാരം ആകെ ചെലവ് 5,44,09,661/- രൂപയാണ്. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

1-1-4 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

A)റേഷ്യോസ്

B)അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

1-1-5 വസ്തുനികുതി സഞ്ചയപ്രകാരമുള്ള ഡിമാന്റ് കളക്ഷൻ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി സഞ്ചയ പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ തുകകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| തരം | ഡിമാന്റ് | കളക്ഷൻ |
|---|---|---|
| സഞ്ചയപ്രകാരം | 16,78,411 | 16,14,955 |
| വാർഷികകണക്ക് പ്രകാരം | 16,51,422 | 16,07,836 |

### 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊഴിൽ നികുതി തുടങ്ങിയ വരവിനങ്ങളുടെ ഡിമാന്റ് എൻട്രി വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 25.03.2022 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു.

പുതുക്കിയ ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 24.03.2023 തീയതിയിലെ 1(1) തീരുമാന പ്രകാരം പുതുക്കുകയുണ്ടായി.

| | വരവ് | ചെലവ് |
|---|---|---|
| പുതുക്കിയ ബജറ്റ് പ്രകാരം | 16,69,60,892 | 16,63,15,392 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെന്റിച്ചർ പത്രിക പ്രകാരം) | 12,12,55,699 | 14,43,92,167 |

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,14,82,990 |
| വരവ് | 2,43,83,303 |
| ആകെ | 3,58,66,293 |
| ചെലവ് | 2,31,01,894 |
| നീക്കിയിരിപ്പ് | 1,27,64,399 |

### 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | ഉറവിടത്തിൽ കുറവ് ചെയ്തത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 0 | 18,68,398 | 1,37,97,602 | 1,56,66,000 | 1,15,58,649 | 4107351 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 2,70,063 | 24,67,937 | 27,38,000 | 14,85,537 | 1252463 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | | | 96,13,000 | 96,13,000 | 76,70,507 | 1942493 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | | | 45,70,000 | 45,70,000 | 34,48,679 | 1121321 (എ.സി.ആറും വാർഷിക |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | കണക്കിലെ ചെലവുമായി 1,155 /- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ട്രഷറി | | | 19,59,232 | 19,59,232 | 9,40,421 | 10,18,811 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ടൈഡ് - ബാങ്ക് | 39,45,000 | | 40,86,000 | 80,31,000 | 682417 | 73,48,583 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ട്രഷറി | 0 | 0 | 0 | 0 | 0 | 0 |
| 15-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് അൺടൈഡ് ബാങ്ക് | 9,52,348 | | 29,35,127 (211127 പലിശ) | 38,87,475 | 29,09,102 | 9,78,373 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1,182 | 20,55,629 | 20,56,811 | 20,17,779 | 39,032 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 5,23,91,882 | 5,23,91,882 | 5,23,91,882 | |
| ആകെ | 1,182 | 5,44,47,511 | 5,44,48,693 | 5,44,09,661 | 39,032 |

*വാർഷിക ധനകാര്യ പത്രികയിലെ വരവ് ചെലവുകൾ യഥാർത്ഥ വരവ് ചെലവുകളുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള യഥാർത്ഥ വരവ്- ചെലവുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത്- |
|---|---|---|---|---|---|---|

| (എണ്ണം) | | | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 170 | 7,94,29,289 | 101 | 3,20,96,362 | 23 | 46 | 59.4 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 6,000 | 5 |
| കർഷക തൊഴിലാളി പെൻഷൻ | 1,01,76,800 | 868 |
| വിധവ പെൻഷൻ | 42,10,600 | 366 |
| വാർദ്ധക്യകാല പെൻഷൻ | 93,89,400 | 853 |
| വികലാംഗ പെൻഷൻ | 16,76,000 | 138 |
| അവിവാഹിത പെൻഷൻ | 1,68,000 | 68 |
| വിവാഹധനസഹായം | 90,000 | 3 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.12.2023 തീയതിയിൽ 03:05 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,600/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. പദ്ധതി പൂർത്തീകരണത്തിന് ശേഷം പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
2. ഇലക്ട്രിക്/ഇലക്ട്രോണിക് ഉപകരണങ്ങൾ, ഫർണിച്ചർ, സ്റ്റേഷനറി എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. പഞ്ചായത്തിലെ ആസ്തി രജിസ്റ്റർ ഇപ്പോഴും അപൂർണ്ണമാണ്. ആസ്തി വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുന്നതിനായി ആർ ട്രാക്ക് മുഖേന റോഡ് കണക്ടിവിറ്റി മാപ്പിംഗ് നടത്തിയതിന്റെ ഭാഗമായി ഒന്നാംഘട്ട സർവ്വെ നടത്തിയതിന്റെ ഭാഗമായി റോഡുകളുടെ സർവ്വെ നടത്തിയിട്ടുണ്ടെങ്കിലും, ആയതു പൂർത്തീകരിച്ച് ആസ്തിവിവരങ്ങൾ കാലികമാക്കിയിട്ടില്ല.
4. ഉപയോഗിക്കാത്ത പൊതു ടാപ്പുകളുടെ എണ്ണത്തിനും വാട്ടർ അതോറിറ്റി വെള്ളക്കരം ഡിമാന്റ്

ചെയ്യുന്നുണ്ടെങ്കിലും സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നില്ല. 2022-23 വർഷം വെള്ളക്കരമിനത്തിൽ തുകയൊന്നും തന്നെ ഒടുക്കിയിട്ടില്ല.

5. വസ്തു നികുതി 100% പിരിവ് എന്ന ലക്ഷ്യം കൈവരിച്ചിട്ടില്ല.

6. തനത് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും തന്നെ തീരുമാനിച്ച് നടപ്പിലാക്കിയിട്ടില്ല.

7. സംസ്ഥാന സർക്കാരിന്റെ 12 ഇന പരിപാടിയിൽ ഉൾപ്പെടുത്തി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രവർത്തനമാരംഭിക്കണമെന്ന് നിർദ്ദേശിച്ച ടേക്ക് എ ബ്രേക്ക് പദ്ധതി ഇതേ വരെയും ആരംഭിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ആറാമത് ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശാനുസരണം വിഭവസമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകി ഒരു ടാക്സ് ഓഡിറ്റ് നടത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിൽ തൊഴിൽ നികുതി, വസ്തുനികുതി എന്നിവയിലെ ഡിമാൻഡുകൾ പൂർണ്ണമല്ല എന്ന് വ്യക്തമായി. ഡിമാൻഡുകൾ പൂർണ്ണമല്ലാത്തത് ടാക്സ് ഇവേഷനും നികുതി ശോഷണത്തിനും ഇടയാക്കുന്നു. നികുതി, നികുതി ഇതര വരുമാനങ്ങളെ സംബന്ധിക്കുന്ന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ പ്രധാന നികുതി വരുമാനങ്ങൾ വസ്തുനികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. രണ്ടാമത്തെ വലിയ നികുതി വരുമാനമായ തൊഴിൽ നികുതി, ജീവനക്കാർ, വ്യാപാരം, വ്യവസായം എന്നിവ നടത്തുന്നവർ, പ്രൊഫഷണൽസ്, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നായി നിയമപ്രകാരം ഈടാക്കാം (കേരള പഞ്ചായത്ത് രാജ് നിയമം 204). നികുതിയേതര വരുമാന മാർഗ്ഗങ്ങൾ ലൈസൻസ് ഫീസ്, വാടക, മാർക്കറ്റ് ഫീസ്, ബസ് സ്റ്റാന്റ് ഫീസ്, കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് തുടങ്ങിയവയാണ്.

പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം-അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച് 2022-23 വർഷത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ,നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ബജറ്റും വരവുമായുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കുന്നതിനായി പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിശ്ശിക നിവാരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 25.01.2023 തിയതിയിലെ 1(1)-ാം തീരുമാന പ്രകാരം നിശ്ചയിച്ചതനുസരിച്ച് 10.02.23 മുതൽ 20.02.23 വരെ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിശ്ശിക നിവാരണ ക്യാമ്പ് സംഘടിപ്പിക്കുകയും മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്. 01.04.2023-ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 10.05.2023-ലെ 1ാം നമ്പർ തീരുമാന പ്രകാരം ചർച്ച ചെയ്ത ശിപാർശകൾ 04.08.2023 തീയതിയിലെ ഭരണസമിതിയുടെ 3(1)-ാം നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

2022-23 ലെ വസ്തു നികുതി സംബന്ധിച്ച്

വസ്തു സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും, ILGMS വരവും തമ്മിലുള്ള അന്തരം താഴെ പട്ടികയിൽ സൂചിപ്പിക്കുന്നു.

| | റെസിഡെൻഷ്യൽ | നോൺ - |
|---|---|---|

| | കെട്ടിടങ്ങൾ | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ |
|---|---|---|
| ILGMS പ്രകാരമുള്ള വരവ് | 7,75,272 | 9,83,186 |
| സഞ്ചയ പ്രകാരമുള്ള വരവ് | 7,49,513 | 8,65,442 |

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 10.05.2023-ലെ 1-ാം നമ്പർ തീരുമാന പ്രകാരം 01.04.20203-ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ച ശിപാർശകൾ ജനറൽ കമ്മറ്റിയുടെ 27.05.2023 തീയതിയിലെ 27(1) നമ്പർ തീരുമാന പ്രകാരം കരട് വിജ്ഞാപനവും 04.08.2023 തീയതിയിലെ 3(1) തീരുമാന പ്രകാരം അന്തിമ വിജ്ഞാപനവും പുറപ്പെടുവിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടത്തുകയും ചെയ്തു. അന്തിമ വിജ്ഞാപനം നടത്തി സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തുന്നതിന് മുൻപ് 01.04.2023 ന ശേഷം അസസ്സ് ചെയ്ത കെട്ടിട ഉടമകളിൽ നിന്നും പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിച്ചിരുന്നില്ല,കുടിശ്ശിക ഭാവിയിൽ ടി കെട്ടിട ഉടമകളിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഈടാക്കുന്നുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖല വിഭജനം പരിഷ്കരിക്കാതെ 2013-ലെ മേഖലാ വിജ്ഞാപനം നിലനിർത്തിയിട്ടുണ്ട്. പഞ്ചായത്ത് റോഡ് മാപ്പിൽ വഴി സൌകര്യം രേഖപ്പെടുത്തി കൃത്യത ഉറപ്പാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്തിൽ UA രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്, ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരം ആണ് ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട് ഇതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ല.

തൊഴിൽ നികുതി

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപങ്ങൾക്കും ഡിമാൻറ് നോട്ടീസ് കൃത്യ സമയത്ത് നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ മരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനീയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു. സ്ഥാപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

വിനോദ നികുതി

പഞ്ചായത്തിൽ സിനിമാ തിയറ്ററുകൾ ഇല്ലാത്തതിനാൽ അതിൽ നിന്നുള്ള വിനോദ നികുതി ലഭിക്കുന്നില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കേബിൾ ടി.വി നെറ്റ് വർക്കുകളിൽ നിന്നും വിനോദ

നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി, ട്രെഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇവ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്ക് വരുത്തുന്നുണ്ട്.

ഓഡിറ്റിന്റെ ശുപാർശകൾ:

1)തനതുവരുമാന വർദ്ധനവിനുള്ള നിർദ്ദേശങ്ങൾ ധനകാര്യസ്ഥിരം സമിതിയിൽ ഒരു അജണ്ടയായി ഉൾപ്പെടുത്തുന്നത് പരിഗണിക്കാവുന്നതാണ്.

2) നികുതി/നികുതി ഇതര വരവുകളുടെ അവലോകനം എല്ലാ ധനകാര്യ സ്ഥിരം സമിതി യോഗങ്ങളിലും അവതരിപ്പിക്കുന്നത് പരിഗണിക്കാവുന്നതാണ്.

3)അനധികൃത നിർമ്മാണം കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് ഒരു ഉപസമിതിയെ നിശ്ചയിച്ച് സ്ഥിരമായ റിപ്പോർട്ടിംഗ് ആവശ്യപ്പെടാവുന്നതാണ്.

4) പഞ്ചായത്ത് പരിധിയിലുള്ള പ്രൊഫഷണലുകളുടെ പട്ടിക തയ്യാറാക്കി ഡിമാൻഡ് ചെയ്യേണ്ടതാണ്.

5) തൊഴിൽ നികുതി ഡിമാൻഡും പിരിവും സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിന് IKM നോട് ആവശ്യപ്പെടേണ്ടതാണ്.

6) സർക്കാർ നിർദ്ദേശപ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് സമയബന്ധിതമായി നിരക്ക് നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തണം.

## 1-11 ലൈസൻസ് ഫീസ്, മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല

2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, 7 ആം ചട്ടത്തിലെ പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.
2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ലൈസൻസ് അനുവദിക്കുന്നതിന് ഹാജരാക്കിയ നിരാക്ഷേപ പത്രമായ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232 വകുപ്പിന്റെ 31.10.2017-ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം / | PCB രജിസ്ട്രേഷൻ നമ്പർ / PCB | ഈടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | അധികമായി ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ഡിവൈൻ റബ്ബർ | PCB/ALP /IC-876 | 1000 | 500 | 500 |

| | | | | | |
|---|---|---|---|---|---|
| | പ്രോഡക്ട്സ്. | /R.3/18. Valid Up To 30/6/23 47 ലക്ഷം. | | | |

2) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല

2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ച പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങളുടെ കുതിര ശക്തിയ്ക്ക് അനുസൃതമായി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 18 പട്ടികIII ന അനുസൃതമായി ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | അപേക്ഷ പ്രകാരമുള്ള യന്ത്രത്തിന്റെ കുതിര ശക്തി | ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് | ഈടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് | അധികമായി ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | P.N.T പൊളിമേഴ്സ് പ്രിന്റിങ് യൂണിറ്റ് | 150 HP | 200 | 2000 | 1800 |
| 2 | ഡിവൈൻ റബ്ബർ പ്രോഡക്ട്സ് | 255 HP | 2000 | 2550 | 550 |
| | ആകെ | | | | 2350/- |

മേൽ സൂചിപ്പിച്ച വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 09, 07.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിലും മോട്ടോർ റണ്ണിങ് ഫീസിനത്തിലുമായി അധികമായി ഈടാക്കേണ്ട 2,850/- രൂപ സ്ഥാപനങ്ങളിൽ നിന്നും അടവാക്കി വിഷയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ലൈസൻസ് ഫീസും മോട്ടോർ റണ്ണിങ് ഫീസും സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ

ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.

1) ഗ്രാമപഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കൂടുതൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച താഴെ സൂചിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ/ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായിട്ടുള്ള ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തതിനാൽ തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് 5,700/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് / തസ്തിക | അർദ്ധവാർഷിക വരുമാനം | ജോലി ചെയ്ത കാലയളവ് | ഒടുക്കേണ്ട തൊഴിൽ നികുതി | അർദ്ധവർഷം |
|---|---|---|---|---|---|
| 1, | ആരിഫ്ഖാൻ വി.ഇ.ഒ. | 1,91,454/- | 01.04.22 മുതൽ 31.03.23 | 1250 | 2022-23 II[nd] |
| 2, | സതീഷ് കുമാർ വി.ഇ.ഒ. | 1,55,511/- | 01.04.22 മുതൽ 22.07.22 | 1250 | 2022-23 I[st] |
| 3 | സവിദ്യാ ഷിജോ ബഡ്സ് സ്കൂൾ | 1,20,000/- | 01.04.22 മുതൽ 31.03.23 | 1000X 2= 2000 | 2022-23 I [St] & II [Nd] |
| 4 | സ്മിതാ മോൾ ബഡ്സ് സ്കൂൾ | 72,000/- | 01.04.22 മുതൽ 31.03.23 | 600X 2= 1200 | 2022-23 I [St] & II [Nd] |
| | ആകെ | | | 5,700/- | |

മേൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ഇടാക്കേണ്ട തുക പഞ്ചായത്തിൽ അടവാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) താഴെ പറയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുന്നില്ല. ഈ സ്ഥാപനങ്ങളെ ഡിമാൻഡ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

I) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

1) പത്തിൽ ഫൈനാൻസിയേഴ്സ്

2) ചൈതന്യാ ഫൈനാൻസിയേഴ്സ്

II)ഗ്രാമപഞ്ചായത്തിന്റെ പദ്ധതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന താഴെ പറയുന്ന ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ഈര ക്ഷീരോൽപാദക സഹകരണ സംഘം

2) പാലേടം ക്ഷീരോൽപാദക സഹകരണ സംഘം

III) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല .

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | വില്ലേജ് ഓഫീസ്, നീലംപേരൂർ | 2022-23 I St & II Nd |
| 2, | വില്ലേജ് ഓഫീസ്, കാവാലം | 2022-23 I St & II Nd |
| 3 | പോസ്റ്റ് ഓഫീസ്, ചേന്നങ്കരി | 2022-23 II Nd |
| 4 | പോസ്റ്റ് ഓഫീസ്, നാരകത്തറ | 2022-23 I St |
| 5 | യൂണീക്ക് ഹാൻറി ക്രാഫ്റ്റ്, നീലംപേരൂർ | 2022-23 II Nd |
| 6 | ട്രൊപ്പിക്കൽ സൈൻസസ് | 2022-23 II Nd |
| 7. | ജി.ഗിരീഷ്, ബഡ്സ് സ്കൂൾ ഡ്രൈവർ | 2022-23 I St & II Nd |

മേൽ സൂചിപ്പിച്ച സ്ഥാപനം/ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14 /08.12.23) മറുപടി ലഭിച്ചില്ല. ഇത്തരത്തിൽ തൊഴിൽ നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. മേൽ സ്ഥാപനങ്ങളിലെ ഉടമ/ ജീവനക്കാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല -പഞ്ചായത്തിന് വരുമാന നഷ്ടം

1996-ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ / സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1,250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2022-23 ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | പത്തിൽ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 2 | ചൈതന്യാ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 3 | കട്ടുമ്മേൽ മൾട്ടി ഡിസ്ട്രിബ്യൂട്ടേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |

| | | | |
|---|---|---|---|
| | സൊസൈറ്റി | | |
| 4 | കൈനടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് - നം 3814 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 5 | ചെറുകര സർവീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 6 | നീലംപേരൂർ എസ്.സി.ബി. നം.1788 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 7 | ഈര ക്ഷീരോൽപാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 8 | പാലേടം ക്ഷീരോൽപാദക സഹകരണ സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 9 | സൌത്ത് ഇന്ത്യൻ ബാങ്ക് | ഒന്നാം അർദ്ധവർഷം | 1250X1= 1250 |
| 10 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൈനടി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 11 | പെരുമ്പുഴ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| | ആകെ | | 26,250/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് 26,250/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:15,08/12/23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-14 വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ

പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ വാർഡ് 5ൽ ശ്യാം കുമാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 120.64 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 5/226-A, 5/226-B, 5/226-D) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 3 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ച:മീറ്ററിന് 50/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<table>
<tr><td colspan="2">കണക്കാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം(- 20%)+<br>ലൈബ്രറി സെസ്സ്(5%)+<br>സർവീസ് ചാർജ്(10%)<br>(നികുതി നിരക്ക്:60രൂ /ച.മീ.)</td><td>കണക്കാക്കിയ വസ്തുനികുതി (സഞ്ചയ പ്രകാരം)<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം(- 20%)+<br>ലൈബ്രറി സെസ്സ്(5%)+<br>സർവീസ് ചാർജ്(10%)<br>(നികുതി നിരക്ക്:50രൂ /ച.മീ.)</td></tr>
<tr><td colspan="2">അടിസ്ഥാന നികുതി<br>120.64 X60 = 7238.4/-<br>മേഖല (ഇളവ്-20%)= 1447.7<br>വഴിസൌകര്യം(വർദ്ധനവ് 20%)= 1447.7/-<br>ആകെ= 7238.4+1447.7-1447.7 = 7238.4<br>സർവീസ് ചാർജ്(10%)= 723.8/-<br>ലൈബ്രറി സെസ്സ് (5%)= 362/-<br>ആകെ = 7238.4+723.8+362= 8,324/-</td><td>1) 5/226-A 49.44 $M^2$ @50/-<br>2472-494.4+494.4+130+260 = 2862<br>2) 5/226 B- 45 $M^2$ @50/-<br>2250-450+450+113+225 = 2588<br>3) 5/226 D- 26.2 $M^2$ @50/-<br>1310-262+262+131+66 = 1507<br>ആകെ = 2862+2588+1507 = 6957/-</td></tr>
<tr><td>ആകെ</td><td>8,324/-</td><td>6,957/-</td></tr>
<tr><td colspan="2">നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ്</td><td>1,367/-</td></tr>
</table>

മേൽ സൂചിപ്പിച്ച 3 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ

1,367/-രൂപയുടെ നഷ്ടം ഉണ്ടായി. ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/ 08.12.23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഈടാക്കേണ്ട 1,367/- രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-15 വസ്തു നികുതി നിർണ്ണയവും നമ്പർ നൽകലും - സർക്കാർ ഉത്തരവ് ലംഘിക്കപ്പെടുന്നു

കേരള കെട്ടിട നികുതി നിയമം 1975, വകുപ്പ് 5 എ പ്രകാരമുള്ള രസീത്/വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ പകർപ്പ് ഹാജരാക്കിയശേഷം മാത്രമേ വസ്തുനികുതി നിർണ്ണയവും നമ്പർ നൽകലും തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്താവൂ എന്ന് സ.ഉ.(എം.എസ്.) 231/15 തസ്വഭവ തീയതി 9.7.2015 നിഷ്കർഷിച്ചിട്ടുണ്ട്. 2022-23 വർഷം ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പെർമിറ്റും നമ്പറിങ്ങും സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഗാർഹിക, വാണിജ്യ കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച് കെട്ടിട നമ്പർ അനുവദിക്കുന്നതിന് മുൻപായി കേരള കെട്ടിട നികുതി നിയമം 1975 പ്രകാരമുള്ള ഒറ്റ തവണ നികുതി റവന്യൂ വകുപ്പിൽ ഒടുക്കിക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിന് ആവശ്യമായ റിട്ടേൺ പകർപ്പ് കെട്ടിട ഉടമകൾ ഹാജരാക്കുന്നില്ല. ഈ പരിശോധന നടത്താതെയാണ് പഞ്ചായത്ത് കെട്ടിട നമ്പർ അനുവദിക്കുന്നത്. ഇതുമൂലം സർക്കാരിന് ലഭിക്കേണ്ട നികുതി യഥാകാലം ലഭിക്കാതെ പോകുവാനോ നഷ്ടപ്പെടുവാൻ പോലുമോ സാദ്ധ്യതയുണ്ട്. കേരള കെട്ടിട നികുതി നിയമം 1975 പ്രകാരമുള്ള ഒറ്റ തവണ നികുതി റവന്യൂ വകുപ്പിൽ ഒടുക്ക് വരുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കിയതിന് ശേഷം മാത്രമേ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുകയുള്ളൂ എന്ന് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/ 11.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം അനുസരിച്ച് കൊണ്ട് മേൽപ്പറഞ്ഞ കെട്ടിട നികുതി ഒടുക്കി എന്ന് ഉറപ്പാക്കിയ ശേഷം മാത്രം വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-16 ഓഡിറ്റ് ഇംപാക്ട്- എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവൃത്തികൾക്ക്- കരാറുകാരിൽ നിന്നും ഈടാക്കാതിരുന്ന ആദായ നികുതി ഈടാക്കി

1)1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്കു മേൽ തുക നൽകുന്ന കരാർ പ്രവൃത്തികളിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. എന്നാൽ MGNREGS ൽ ഉൾപ്പെടുത്തി നിർവ്വഹിച്ചിട്ടുള്ള താഴെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ആവശ്യമായ മെറ്റിരിയൽ സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961-ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 1 % ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് (വർക്ക് കോഡ്) | കരാറുകാരന്റെ പേര്, എം.ബുക്ക് നം. | എം.ബുക്ക് പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക | ഈടാക്കേണ്ട ആദായ നികുതി(1%) | എഫ്.ടി.ഒ.നം./തീയതി/ |
|---|---|---|---|---|---|
| 1 | വാർഡ് 13 ൽ വാത്യാറ ഓട നിർമ്മാണം -റീച്ച്-1-(AV/261149) | മധുസൂദനൻ വി.<br>328/21-22 | 308718/- | 3087/- | 16906/04-10-23/<br>Rs-342138/- |
| 2 | വാർഡ് 13 ൽ വാത്യാറ ഓട നിർമ്മാണം -റീച്ച്-2-(AV/261654) | മധുസൂദനൻ വി.<br>331/21-22 | 311561/- | 3115/- | 16911/04-10-23/<br>Rs-346468/- |

| | | | | | |
|---|---|---|---|---|---|
| | | | ആകെ | 6202/- | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (4/05.12.23)നൽകിയതിന്റെ അടിസ്ഥാനത്തിൽ 3,087/- രൂപ 08.12.23-ലെ 1230100810-ാം നമ്പർ രസീത് പ്രകാരവും, 3115/-രൂപ 08.12.23-ലെ 1230100813-ാം നമ്പർ രസീത് പ്രകാരവും, പഞ്ചായത്തിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള ഈ തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതും, വിവരം രേഖകൾ സഹിതം സെക്രട്ടറി ഓഡിററിൽ അറിയിക്കേണ്ടതുമാണ്.

1-16(1) ഓഡിറ്റ് ഇംപാക്ട്-എം.ജി.എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികൾ- കരാറുകാരിൽ നിന്നും ഈടാക്കാതിരുന്ന ജി.എസ്.ടി. ഈടാക്കി

കേന്ദ്ര ധനമന്ത്രാലയത്തിന്റെ 13.09.2018-ലെ വിജ്ഞാപനം നം.50/2018 Central Tax പ്രകാരം ജി.എസ്.ടി.കിഴിവ് നടത്തുവാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങൾ 01.10.2018 മുതൽ ജി.എസ്.ടി. ബാധകമായ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനുശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2,50,000/- ൽ അധികമായാൽ സ്രോതസ്സിൽ നിന്നും 2% ജി.എസ്.ടി.കിഴിവ് ചെയ്യേണ്ടതാണ്. ബില്ലിൽ നിന്നും 2% ജി.എസ്.ടി. കുറവ് ചെയ്തിട്ടുണ്ടെങ്കിലും ആയത് ജി.എസ്.ടി. വകുപ്പിൽ ഒടുക്കിയതായി കാണുന്നില്ല.വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് (വർക്ക് കോഡ്) | കരാറുകാരന്റെ പേര്, എം.ബുക്ക് നം. | എം.ബുക്ക് പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക | ഈടാക്കിയ ജി.എസ്.ടി.(2%) | എഫ്.ടി.ഒ.നം./തീയതി |
|---|---|---|---|---|---|
| 1. | വാർഡ് 13 ൽ വാത്യാറ ഓട നിർമ്മാണം -റീച്ച്-1-(AV/261149) | മധുസൂദനൻ വി.<br>328/21-22 | 308718/- | 6174/- | 16906/04-10-23/<br>Rs-342138/- |
| 2. | വാർഡ് 13 ൽ വാത്യാറ ഓട നിർമ്മാണം -റീച്ച്-2-(AV/261654) | മധുസൂദനൻ വി.<br>331/21-22 | 311561/- | 6231/- | 16911/04-10-23/<br>Rs-346468/- |
| | | | ആകെ | 12405/- | |

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (4/05.12.23)നൽകിയതിന്റെ അടിസ്ഥാനത്തിൽ 6,174/- രൂപ 08.12.23-ലെ 1230100811, 812 എന്നീ രസീതുകൾ പ്രകാരവും (3087/- രൂപ വീതം)6,232/- രൂപ 08.12.23-ലെ 1230100814, 815 എന്നീ രസീതുകൾ പ്രകാരവും (3,116/- രൂപ വീതം) പഞ്ചായത്തിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്.

1-16(2) MGNREGS-ഓഡിറ്റ് ഇംപാക്ട്-സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കൽ -ആദായനികുതി ഈടാക്കാതിരുന്നത് തിരികെ ഈടാക്കി

2022-23 വർഷം തൊഴിലുറപ്പ് പദ്ധതിയിൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് പ്രവൃത്തി സ്ഥലങ്ങളിൽ സ്ഥാപിച്ച് നൽകിയിരിക്കുന്നതിനായി കരാർ എടുത്തിട്ടുള്ളത് സുരഭി സ്ലാബ് നിർമ്മാണ യൂണിറ്റ് എന്ന കുടുംബശ്രീ യൂണിറ്റും, മിത്ര എന്റർപ്രൈസസ് എന്ന സ്ഥാപനവുമാണ്. സുരഭി സ്ലാബ് നിർമ്മാണ യൂണിറ്റ് എന്ന കുടുംബശ്രീ യൂണിറ്റിന് തൻവർഷം 95 ബോർഡുകൾ സ്ഥാപിച്ചതിന് ,1 ന് 4,000/- രൂപ നിരക്കിൽ 3,80,000/- രൂപ നൽകിയിട്ടുണ്ട്. മിത്ര എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന് 15 ബോർഡുകൾ സ്ഥാപിച്ചതിന് ,1 ന് 2,250/- രൂപ നിരക്കിൽ 33,750/- രൂപയും അനുവദിച്ചിട്ടുണ്ട്. 1961-ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. ഇതനുസരിച്ച് സുരഭി സ്ലാബ് നിർമ്മാണ യൂണിറ്റിൽ നിന്നും ആദായനികുതി ഇനത്തിൽ 7,600/- രൂപയും, മിത്ര എന്റർപ്രൈസസ്

എന്ന സ്ഥാപനത്തിൽ നിന്നും 675/- രൂപയും ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ടതായിരുന്നു.എന്നാൽ ഈ സ്ഥാപനത്തിൽനിന്നും ആദായ നികുതി ഇനത്തിൽ തുകയൊന്നും തന്നെ ഈടാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് എൻക്വയറി (5/05.12.23 )നൽകിയതിന്റെ അടിസ്ഥാനത്തിൽ 7,600/- രൂപ 08.12.23-ലെ 1230100809-ാം നമ്പർ രസീത് പ്രകാരവും, 675/-രൂപ 08.12.23-ലെ 1230100808-ാം നമ്പർ രസീത് പ്രകാരവും, പഞ്ചായത്തിൽ ഒടുക്കി രസീത് ഹാജരാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ള ഈ തുക ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കേണ്ടതും, വിവരം രേഖകൾ സഹിതം സെക്രട്ടറി ഓഡിററിൽ അറിയിക്കേണ്ടതുമാണ്. കുടുംബശ്രീ മുഖേന നിർമ്മിച്ചിട്ടുള്ള ബോർഡുകൾക്ക് ഒന്നിന് 4,000/- രൂപ നിരക്കിൽ ഈടാക്കിയപ്പോൾ കരാറുകാരിൽ നിന്നും ടെണ്ടർ വിളിച്ച് നടത്തിയ പ്രവർത്തികളിൽ ബോർഡ് ഒന്നിന് 2,250/- രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടതെന്നതും ശ്രദ്ധേയമാണ്. ഈ പ്രവൃത്തികൾ ടെണ്ടർ വിളിച്ച് നിർവ്വഹിക്കുന്നതാണ് സ്ഥാപനത്തിന്റെ ഉത്തമ താൽപ്പര്യത്തിന് ഗുണകരമെന്ന വസ്തുത പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-17 പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടിയ അളവിൽ നൽകുന്നത് മൂലം അധിക ചെലവ്

പ്രോജക്ട് നം.S0066/23

പദ്ധതി രൂപീകരണ മോണിട്ടറിംഗ് ചെലവുകൾ

അടങ്കൽ-2,00,000 (വികസന ഫണ്ട്)

ചെലവ് - 2,00,000/-

നിർവ്വഹണം - സെക്രട്ടറി

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി 01.01.04 ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ദേശാഭിമാനി ദിനപത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @220/cm$^2$ +Gst | 3x8 Cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിക്കാവുന്ന തുക 220/cm$^2$ +Gst | അധികം നൽകിയ തുക | ചെലവിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | ALP22-23/2141/ 14.02.23 | 5x8=40cm$^2$ | (8800-1320)7480 | (5280-792) 4488 | 2992 | BRN1351250/ 15.03.23 |

| | | | | | | |
|---|---|---|---|---|---|---|
| 2 | ALP/22-23 /1978/28.01.23 | $8x4=32cm^2$ | @220 (7040-1056)5984 | (5280-792) 4488 | 1496 | |
| 3 | ALP/22-23 /2232/25.02.23 | $8x3.5=28cm^2$ | (6160-924) 5236 | 4488 | 748 | |
| 4 | ALP/22-23 /1503/03.12.22 | $8x3.5=28cm^2$ | (6160-924) 5236 | 4488 | 748 | |
| 4 | ALP/22-53 /1351/15.11.22 | $8x4=32cm^2$ | 5984 | 4488 | 1496 | BRN900939201/ 20.12.22 |
| 6 | ALP/22-23 /1215/27.10.22 | $8x4=32cm^2$ | 5984 | 4488 | 1496 | |
| | ആകെ | | 35904 | 26928 | 8976 | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (13/ 08.12.23) മറുപടി ലഭിച്ചില്ല. ടെണ്ടർ/ദർഘാസ് പരസ്യങ്ങൾ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നൽകിയത് മൂലം ഉണ്ടായ അധിക ചെലവ് അംഗീകരിക്കുന്നില്ല. അധികം നൽകിയ 8,976/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## 1-18 അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കാതെ സാനിറ്ററി നാപ്കിൻ ബേണിംഗ് മെഷീൻ വാങ്ങി

പ്രോജക്റ്റ് നം - S0181/23

അടങ്കൽ - 3,13,000 (വികസനഫണ്ട്)

ചെലവ് - 1,04,482 - (287/24.03.2023)

ഹെഡ്മാസ്റ്റർ നടപ്പാക്കിയ സ്കൂളുകളിൽ നാപ്കിൻ ബെന്റിംഗ് മെഷീൻ ആന്റ് ബേണിംഗ് മെഷീൻ എന്ന പദ്ധതിക്കായി ആർട്ട്കോയ്ക്ക് 1,04,482 /- രൂപ 2022-23 വർഷം നൽകിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഐറ്റം | തുക | ജി.എസ്.ടി. | ആകെ തുക |
|---|---|---|---|
| Sanitary Napkin Vending Machine 60 Capacity | 15119.49 X2 =30238 .98/- | 5443.02 | 35,682 |
| Sanitary | 29152.54x2= | 10494.91 | 68,799.99 |

| | | | |
|---|---|---|---|
| Napkin Incinerator | 58305.08 /- | | |
| | ആകെ | | 104481.99<br>104482 /-<br>(Rounded) |

ഗവ.യു.പി.എസ്. നാരകത്തറ, ഗവ.ബി.വി.യു.പി.എസ്. കിഴക്കേ ചേന്നങ്കരി എന്നി യു.പി. സ്കൂളുകളിൽ സ്ഥാപിക്കുന്നതിനാണ് ബെന്റിംഗ് ആന്റ് ബേണിംഗ് മെഷീനുകൾ വാങ്ങിയത്. പ്രസ്തുത ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് മറുപടി നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക്(10) ലഭ്യമാക്കിയ മറുപടിയിൽ നാപ്കിൻ ബെന്റിംഗ് മെഷീൻ മേൽ സൂചിപ്പിച്ച രണ്ടു സ്കൂളുകളിലും പ്രവർത്തനക്ഷമമാണ് എന്നും, എന്നാൽ നാപ്കിൻ ബേണിംഗ് മെഷീൻ ഗവ.യു.പി.എസ്. നാരകത്തറയിൽ മാത്രമേ സ്ഥാപിച്ചിട്ടുള്ളു എന്നും അറിയിക്കുകയുണ്ടായി. ഗവ. ബി.വി. യു.പി.എസ്. കിഴക്കേചേന്നങ്കരി സ്കൂളിൽ ഇലക്ട്രിഫിക്കേഷൻ നടപടികൾ പൂർത്തികരിക്കാത്തതിനാൽ പ്രസ്തുത ഉപകരണം നാളിതുവരെയായിട്ടും സ്ഥാപിച്ചിട്ടില്ല എന്നാണ് അറിയിച്ചത്. 22-23 വർഷം വാങ്ങിയ ഉപകരണങ്ങൾ ഉപയോഗപ്രദമാക്കാത്തത് ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നുണ്ടായ തികഞ്ഞ അനാസ്ഥയാണ്. മതിയായ സൌകര്യങ്ങൾ ഒരുക്കാതെയാണ് പ്രസ്തുത മെഷീനുകൾ വാങ്ങിയത്. ഇലക്ട്രിക്കൽ ഉപകരണങ്ങൾ ആയതിനാൽ നാളുകളോളം പ്രവർത്തിക്കാതെയിരുന്നാൽ കേടായി നശിച്ചുപോകാനുള്ള സാധ്യതയുണ്ട്. ആയതിനാൽ അടിയന്തിരമായി ഇലക്ട്രിഫിക്കേഷൻ നടത്തി മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ഒരു ബേണിംഗ് മെഷീന്റെ വിലയായ 34,400 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ എസ്.സി. വൃദ്ധർക്ക് കട്ടിൽ - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

പ്രോജക്ട് നം. – S0195/23

പ്രോജക്ടിന്റെ പേര് - എസ്.സി. വൃദ്ധർക്ക് കട്ടിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ -വികസന ഫണ്ട് (എസ്.സി.പി.)- 243000/-,

ചെലവ് വിവരം

(1) 1,80,584/- ബിൽ നം.28/22-23/28.03.23

(2) 8,399/-ബിൽ നം.30/22-23/28.03.23

ആകെ ചെലവ് - 1,88,983/-

ഫയൽ പരിശോധിച്ചതിൽ, പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

2022-23 സാമ്പത്തികവർഷം മേൽ പ്രോജക്ട് പ്രകാരം 45പേർക്ക് SIDCO ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഒരെണ്ണത്തിന് 4,199.62/- രൂപ പ്രകാരം കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിവിധ വിഭാഗങ്ങളിൽ പെട്ടവർക്ക് ഓരോ ഇനത്തിനും അനുവദനീയമായ സബ്സിഡിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4,350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണ്. എന്നാൽ ഈ പഞ്ചായത്തിൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 45 ഗുണഭോക്താക്കൾ

നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിക്കാതെയാണ് കട്ടിൽ വിതരണം നടത്തിയിട്ടുള്ളത്. ന്യൂനതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/08.12.23) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗരേഖ അനുശാസിക്കും വിധം പ്രോജക്ട് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 ഹരിതകർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾ പദ്ധതി അപാകതകൾ

പ്രോജക്ട് നം -S0002/23

നിർവ്വഹണം - വി.ഇ.ഒ.

അടങ്കൽ - 2,88,000 /- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 34,650 - (69/16.09.2023)

-11500 (108 /14.11.2022)

15515 - (202 / 01.03.2023)

വി.ഇ.ഒ. നടപ്പാക്കിയ ഹരിതകർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കായി 2022-23 വർഷം 61,665/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനവാടക, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കാണ് തുക ചെലവഴിച്ചത്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിന് വാഹനവാടക ഇനത്തിൽ 25,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടോം കുര്യാക്കോസ്, ബാഹുലേയൻ എന്നിവർക്കാണ് തുക അനുവദിച്ചത്. വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കാർ അംഗീകൃത നിരക്ക് അനുസരിച്ചാണോ തുക അനുവദിച്ചതെന്ന് വ്യക്തമല്ല. ഫയൽ പരിശോധിച്ചതിൽ ടോം കുര്യാക്കോസിന് 19,500 /- രൂപ വാഹനവാടക ഇനത്തിൽ നൽകിയിട്ടുണ്ട്. മെയ് മാസം 10, 11, 13 തീയതികളിൽ ഓടിയതിന് 7,500/- രൂപയുടെയും ജൂലൈ 22, 23 തീയതികളിൽ ഓടിയതിന് 6,000/- രൂപയുടെയും വൌച്ചറുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള 6000 രൂപ നൽകിയത് കൈപ്പറ്റിയതിന്റെ രേഖകളോ, വാഹനം ഓടിയത് തെളിയിക്കുന്ന രേഖകളോ ഫയലിൽ ലഭ്യമല്ല. അതിനാൽ 6000 രൂപ അധികം നൽകിയതായി കാണുന്നു.

മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി മറ്റൊരു വാഹനം 7.10.2022-ൽ ഉപയോഗിച്ചതിന് ബാഹുലേയൻ എന്ന വ്യക്തിക്ക് 5,500/- രൂപ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 3,000/- രൂപയുടെ വൌച്ചറുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാഹനം ഓടിയത് തെളിയിക്കുന്ന സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടില്ല. മേൽ വിവരങ്ങളിൽ നിന്നും ടോം കുര്യാക്കോസിന് 6,000/- രൂപയും ബാഹുലേയന് 2,500/- രൂപയും അധികം നൽകിയിട്ടുണ്ട് എന്ന് കാണുന്നു. ആകയാൽ പ്രസ്തുത തുക 8,500/- രൂപ ടി വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

1-21 സ്ട്രീറ്റ് ലൈൻ വലിക്കൽ - പ്രവൃത്തി പൂർത്തിയാക്കിയില്ല

പ്രോജക്ട് നം.S0001/23

പ്രോജക്ടിന്റെ പേര് - സ്ട്രീറ്റ് ലൈൻ വലിക്കൽ

നിർവ്വഹണം - സെക്രട്ടറി

വികസന ഫണ്ട് – 5,26,000

ധനകാര്യ കമ്മീഷൻ അവാർഡ്- 19,35,920

ആകെ അടങ്കൽ -24,61,920

ചെലവ്

(1) 509878/-(BRN 901300568/06.03.23)

(2) 1761920 (ബിൽ നം.212/03.03.23)

ആകെ ചെലവ് - 22,71,798/-

സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രോജക്ടിൽ മേൽ ബില്ലുകൾ പ്രകാരം കെ.എസ്.ഇ.ബി.യ്ക്ക് 22,71,798/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/08.12.23) മറുപടി ലഭ്യമാക്കിയില്ല.

സ്ട്രീറ്റ് ലൈൻ വലിക്കൽ പ്രവൃത്തി പൂർത്തിയാക്കി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തിനാൽ 22,71,798/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ലൈഫ് ഭവനനിർമ്മാണം വീട്പണി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നം. 65/23

അടങ്കൽ - 499000/- (എസ് സി പി ഫണ്ട്)

നിർവ്വഹണം - വി ഇ ഒ

- 499000 / - (എസ് സി പി ഫണ്ട്)

- 1250000 (ബ്ലോക്ക് പഞ്ചായത്ത് ഷെയർ)

- 1250000 (ജില്ലാപഞ്ചായത്ത് ഷെയർ)

ചെലവ് - 160000 - (*255*/20.03.2023)

വി.ഇ.ഒ നിർവ്വഹണം നടത്തി ഭവനരഹിതർക്ക് വീട് എന്ന ലക്ഷ്യം പൂർത്തീകരിക്കാനായി ആവിഷ്കരിച്ച ലൈഫ് ഭവനപദ്ധതിയിൽ (എസ് സി)താഴെ പറയുന്ന ഗുണഭോക്താക്കൾ അഡ്വാൻസ് തുക കൈപ്പറ്റിയെങ്കിലും ഭവന നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പോലും ആരംഭിച്ചിട്ടില്ല

| ക്രമ നമ്പർ | ഗുണഭോക്താവ് | ബിൽ വിവരം |
|---|---|---|
| 1 | ജയൻ മുരളി | 40000 (*255*/20.03.2023) |
| 2 | ശോഭന കെ | 40000 (*255*/20.03.2023) |
| 3. | രവീന്ദ്രൻ | 40000 (*255*/20.03.2023) |

പരിശോധിച്ച് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ അടിത്തറനിർമ്മാണം ആരംഭിച്ചിട്ടുണ്ടെന്നാണ് അറിയിച്ചത്. മേൽ ഗുണഭോക്താക്കളെക്കൊണ്ട് വീട് പണി പൂർത്തികരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 വൃദ്ധർക്ക് കട്ടിൽ വിതരണം-മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കി

പ്രോജക്ട് നം – S0078/23

പ്രോജക്ടിന്റെ പേര് - വൃദ്ധർക്ക് കട്ടിൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ – ഐ.സി.ഡി.എസ്.സൂപ്പർവൈസർ

അടങ്കൽ -വികസന ഫണ്ട് - 326250/-,

ചെലവ് വിവരം - 1)ബിൽ നം.282/22-23/24.03.23, Rs-314972/-

ഫയൽ പരിശോധിച്ചതിൽ, പദ്ധതി നിർവ്വഹണത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.
2022-23 സാമ്പത്തികവർഷം മേൽ പ്രോജക്ട് പ്രകാരം 75 പേർക്ക് ആലപ്പുഴ SIDCOയിൽ നിന്നും ഒരെണ്ണത്തിന് 4200/- രൂപ പ്രകാരം കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയിൽ വിവിധ വിഭാഗങ്ങളിൽ പെട്ടവർക്ക് ഓരോ ഇനത്തിനും അനുവദനീയമായ സബ്സിഡിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 ആയി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജനങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കും യൂണിറ്റ് ചെലവ് പരമാവധി 4,350 രൂപയിൽ അധികമാവാതെ കട്ടിൽ വാങ്ങി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തിൽ തൻവർഷം കട്ടിൽ കൈപ്പറ്റിയ 75 ഗുണഭോക്താക്കൾ നിരാലംബരാണെന്നൊ, ശയ്യാവലംബരാണെന്നൊ തെളിയിക്കുന്ന രേഖകൾ വാങ്ങി സൂക്ഷിക്കാതെയാണ് കട്ടിൽ വിതരണം നടത്തിയിട്ടുള്ളത്. അപാകതക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (3/05.12.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്നത് ഉറപ്പാക്കി മാത്രം ഈ പദ്ധതി നിർവ്വഹിക്കേണ്ടതാണ്.

## 1-24 പ്രവർത്തനക്ഷമം അല്ലാത്ത പൊതു ടാപ്പുകൾ -വാട്ടർ ചാർജ് കുടിശ്ശിക നിലനിൽക്കുന്നു

കേരള വാട്ടർ അതോറിറ്റിയുടെ 3/2023 ലെ 71983-ാം നമ്പർ ഡിമാന്റ് നോട്ടീസ് പ്രകാരം പഞ്ചായത്തിലെ 130 പൊതു ടാപ്പുകളുടെ വെള്ളക്കരം 32,73,847/- രൂപയാണ്. ഇതിൽ 34,95,811/- രൂപയും മുൻ വർഷങ്ങളിലെ കുടിശ്ശികയാണ്. തൻമാസത്തെ ഫൈൻ മാത്രം 64,341/- രൂപയാണ്. 01.04.23 മുതൽ പൊതുടാപ്പുകളുടെ നിരക്ക് ഒന്നിന് പ്രതിവർഷം 14559.12 രൂപയായി വർദ്ധനവ് വരുത്തിയിട്ടുണ്ട്. അതുപ്രകാരം പ്രതിമാസ ഡിമാന്റ് 1,57,723.8/- രൂപയും, (14559.12x130/12) വാർഷിക ഡിമാന്റ് 18,92,685.6/-രൂപയുമായി വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള 130 ടാപ്പുകളും പ്രവർത്തനക്ഷമമാണോയെന്നും, കേരള വാട്ടർ അതോറിറ്റിയുടെ മേൽ സൂചിപ്പിച്ച ഡിമാന്റ് നോട്ടീസ് പ്രകാരം ഏകദേശം 34,95,811/- രൂപയാണ് ഈയിനത്തിൽ കുടിശ്ശികയുള്ളതെന്നും ഇത്രയധികം കുടിശ്ശിക വരുവാൻ കാരണമെന്തെന്നും കുടിശ്ശിക തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും മുൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നും നേരിട്ട് ഒടുക്കിയ തുകയുടെയും, ഉറവിടത്തിൽ കുറവ് ചെയ്ത തുകയുടെയും കൃത്യമായ കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ടോയെന്നത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി (08/11.12.23) ലഭ്യമാക്കിയില്ല. വെള്ളക്കരം കുടിശ്ശിക തുകയിൽ ശാശ്വതപരിഹാരം കാണുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 ഐ.കെ.എം. വിഹിതം നൽകൽ - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.S0089/23

നിർവ്വഹണം – സെക്രട്ടറി

ഐ കെ എം വിഹിതം നൽകൽ

അടങ്കൽ - 58798 (വികസന ഫണ്ട്)

ചെലവ് - 58798/-( BRN 900407749/11.08.22)

2022-23 വർഷം മേൽ പ്രോജക്ട് പ്രകാരം 58,798/-രൂപ ഐ.കെ.എം.ന് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഈ വിഷയത്തിൽ നൽകിയ എൻക്വയറിക്ക് (07/06.12.23) മറുപടി ലഭ്യമാക്കിയില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 58,798/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 മുദ്രപത്ര വില ഈടാക്കിയതിൽ കുറവ്

01-04-2018 മുതൽ പ്രാബല്യത്തിൽ വന്ന 2018ലെ കേരള ഫിനാൻസ് ആക്ട് സെക്ഷൻ 4,ഉപ വകുപ്പ് (4) പ്രകാരം 1959 ലെ കേരള സ്റ്റാമ്പ് ആക്ടിൽ വരുത്തിയിട്ടുള്ള ഭേദഗതി ഉത്തരവിലെ (അമൻഡ്മെന്റ് ആക്ട് 17 ഓഫ് 1959) ഉപവകുപ്പ് 5(എഫ്) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്കും, സേവനതലത്തിലുള്ള കരാറുകൾക്കും, ഓരോ 1000/- രൂപയ്ക്കും 1 രൂപ ക്രമത്തിലും, അതിൽ കുറവുള്ള തുകയ്ക്ക് ആനുപാതികമായും, കുറഞ്ഞത് 200 രൂപയുടേയും, കൂടിയത് ഒരു ലക്ഷം രൂപയുടെയും തുകയ്ക്കുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് കരാറുകൾക്ക് മിനിമം 200/- വിലയുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കേണ്ടതാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന പ്രവർത്തികളിൽ കരാറുകാരനുമായി പ്രവർത്തി നിർവ്വഹിക്കുന്നതിന് എഗ്രിമെന്റ് വെച്ചിരിക്കുന്നത് നിർദ്ദിഷ്ട മൂല്യത്തിലുള്ള മുദ്രപ്പത്രത്തിലല്ല. തന്മൂലം മുദ്രപ്പത്ര വിലയിനത്തിൽ സർക്കാരിന് നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിശദവിവരം | കരാർ തുക | ആവശ്യമായ സ്റ്റാമ്പ് പേപ്പർ മൂല്യം | കരാറിലേർപ്പെട്ടിട്ടുള്ള മുദ്രപ്പത്രത്തിന്റെ മൂല്യം | കുറവ് മൂല്യം. |
|---|---|---|---|---|---|
| 1 | 3-ാം വാർഡിൽ പള്ളി ഭഗവതി ക്ഷേത്രം മുതൽ മണമേൽ പാലം വരെ റോഡ് റീ-ടാറിംഗ്- പ്രൊജക്റ്റ് നം – എസ്സ് 0034/23. സജു തോമസ്സ്. | 598898/- | 600 | 200 | 400 |
| 2 | 12-ാം വാർഡിൽ PWD പുതുവൽ മുതൽ മാളിയേക്കൽ വരെ റോഡ് പുനരുദ്ധാരണം. പ്രൊജക്റ്റ് നം – | 448540/- | 450 | 300 | 150 |

| | | | | | |
|---|---|---|---|---|---|
| | എസ്സ് 0182/23. രാജേഷ്.പി.എച്ച്. | | | | |
| 3. | 13-ാം വാർഡിൽ PWD റോഡ് മുതൽ 12 ൽ ചിറ വരെ റോഡ് പുനരുദ്ധാരണം. പ്രൊജക്റ്റ് നം – എസ്സ് 0044/23. തോമസ് ജേക്കബ്. | 437387/- | 450 | 200 | 250 |
| 4. | 11-ാം വാർഡിൽ ചെറുകര -മേനാവ്വം തറ റോഡ് 2nd റീച്ച്, പ്രൊജക്റ്റ് നം – എസ്സ് 0040/23. രാജേഷ്.പി.എച്ച്. | 316872/- | 320 | 200 | 120 |
| | | | ആകെ | | 920/- |

മേൽ രേഖപ്പെടുത്തിയ പ്രകാരം കരാർ പുതുക്കി നൽകിയപ്പോൾ നിർദ്ദിഷ്ട മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ വെയ്ക്കാതിരുന്നതിന് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/11-12-23) ലഭ്യമാക്കിയ മറുപടിയിൽ മുദ്രപത്രവിലയിനത്തിൽ കുറവ് വന്ന 920/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് ഒടുക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മറുപടിയിലെ നിർദ്ദേശപ്രകാരം നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കുന്നതാണ്.

## 1-27 MGNREGS- കയർഭ്രവസ്ത്രം വിരിക്കൽ -ആവശ്യമായതിലും അധികം കയർഭ്രവസ്ത്രം വാങ്ങുന്നത് മൂലം അധിക ചെലവ്

2022-23 വർഷം നടപ്പിലാക്കിയ കയർഭ്രവസ്ത്രം വിരിക്കൽ എന്ന പ്രവൃത്തികളിൽ, 2 മീറ്റർ വീതിയിൽ സർഫസ് ഡ്രെസ്സിംഗ് നടത്തിയ പാട വരമ്പിൽ 2 മീറ്റർ വീതിയുള്ള കയർഭ്രവസ്ത്രം 2.5 മീറ്റർ നീളത്തിൽ മുറിച്ച്, മാടിയുടെ ഇരുവശവും 0.25 മീറ്റർ ഉള്ളിലേക്ക് മടക്കി വെച്ച് കയർ ഭ്രവസ്ത്രം വിരിക്കുന്നത് മൂലം അധിക ചെലവുണ്ടാകുന്നതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. സെക്യുർ സോഫ്റ്റ്‌വെയറിൽ $1m^2$ കയർഭ്രവസ്ത്രം വിരിക്കുന്നതിന് $1.05m^2$ അളവിൽ കയർഭ്രവസ്ത്രം ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും, പ്രവൃത്തി നിർവ്വഹിക്കുമ്പോൾ അതിലും അധികമായി, 2 മീറ്റർ നീളത്തിൽ വിരിക്കുന്നതിന് 2 മീറ്റർ വീതിയിൽ ലഭ്യമാകുന്ന കയർ ഭ്രവസ്ത്രം 2.5 മീറ്റർ നീളത്തിൽ കട്ട് ചെയ്ത്, ഇരു വശങ്ങളിലും 0.25 മീറ്റർ വീതം ഉള്ളിലേക്ക് മടക്കി വെച്ച്, 2 മീറ്റർ വീതിയിൽ വിരിക്കുന്നത് കാരണം (1 മീറ്റർ നീളത്തിൽ വിരിയ്ക്കുന്നതിന് ശരാശരി 1.25 മീറ്റർ ഉപയോഗിക്കുന്നു) അധികം അളവിൽ ഭ്രവസ്ത്രം വിലയ്ക്കു വാങ്ങുന്നതിനും, തന്മൂലം അധിക ചെലവുണ്ടാകുന്നതിനും കാരണമാകുന്നു. ആയതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശങ്ങൾ | ആകെ വിരിച്ച | $1m^2$ന് $1.05m^2$ എന്ന | കയർ കോർപ്പറേഷന്റെ | അധികം ഉപയോ | $M^2$ ന് 73.50 രൂപ | റിമാർക്ക്സ് |
|---|---|---|---|---|---|---|---|

| | | നീളം | നിരക്കിൽ ആവശ്യമായ കയർ ഭൂവസ്ത്രം | ബിൽ പ്രകാരം വാങ്ങിയ കയർ കയർ ഭൂവസ്ത്രത്തിന്റെ അളവ് | ഗിച്ചത് | നിരക്കിൽ അധികം ചെലവായ തുക. | |
|---|---|---|---|---|---|---|---|
| 1. | കിളിയങ്കാവ് വടക്കു പാടശേഖരം ബണ്ട് കയർ ഭൂവസ്ത്രം വിരിക്കൽ-ഗീതാലയം മുതൽ 167 ൽ ചിറ വരെ-W-7 FP/387893 | $1600m^2$ | $1680m^2$ | $1700m^2$ (Invoice No.CC/IG /2221)+ $400m^2$ (Invoice No. CC/IG/2223) $=2100m^2$ | $420m^2$ | 30870/- രൂപ | സർഫസ് ഡ്രെസ്സിംഗ് നടത്തി യിട്ടുള്ളത് $1600m^2$ ആണ്. |
| 2. | കിളിയങ്കാവ് വടക്കു പാടശേഖരം ബണ്ട് കയർഭൂവസ്ത്രം വിരിക്കൽ-24 മുതൽ ഷീബാലയം വരെ-W-7 FP/387890 | $1900m^2$ | $1995m^2$ | $693.75m^2$ (Invoice No.CC/IG /2319))+ $1800m^2$ (Invoice No.CC/IG/2306) $=2493.75m^2$ | $498.75m^2$ | 36658/- രൂപ | സർഫസ് ഡ്രെസ്സിംഗ് നടത്തി യിട്ടുള്ളത് $1900m^2$ ആണ്. |
| 3. | ചിങ്ങംകരി പാടശേഖരം ബണ്ട് കയർഭൂവസ്ത്രം വിരിക്കൽ-400 ൽ ചിറ മുതൽ 50 ൽ ചിറ വരെ- W-7 FP/387898 | $2100m^2$ | $2205m^2$ | $956.25m^2$ (Invoice No.CC/IG/2318) $+1800m^2$ $=2756.25m^2$ | $551.25m^2$ | 40517/-രൂപ | സർഫസ് ഡ്രെസ്സിംഗ് നടത്തി യിട്ടുള്ളത് $2100m^2$ ആണ്. |
| | | | | | ആകെ | 108045/-രൂപ | |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (2/05-12-23) ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രദേശത്തെ മാടികളുടെ ശരാശരി വീതി 2.4 മീറ്റർ മുതൽ 3.5 മീറ്റർ വരെയാണെന്നും, ഇതിൽ ക്ലീനിംഗ് ആവശ്യമുള്ള വീതിക്ക് മാത്രമാണ് സർഫസ് ക്ലിയറൻസ് നൽകുന്നതെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. സർഫസ് ക്ലിയറൻസ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഈ മറുപടി അംഗീകരിക്കുന്നു. എന്നാൽ കയർഭൂവസ്ത്രം അധികമായി ഉപയോഗിക്കുന്നത് സംബന്ധിച്ചുള്ളതിന് ലഭ്യമാക്കിയ മറുപടിയിൽ, കയർഭൂവസ്ത്രത്തിന്റെ ഇരു വശങ്ങളും 10 സെ.മീ. വീതം മടക്കി മുളയാണി തറച്ചാൽ മാത്രമെ, കയർഭൂവസ്ത്രം മാടിയിൽ നിന്നും ഊർന്നു പോകാതെ ശരിയായ രീതിയിൽ ഉറപ്പിക്കാൻ കഴിയൂ എന്നും, അതിനാലാണ് ഇപ്രകാരം അധികം അളവിൽ കയർഭൂവസ്ത്രം

ഉപയോഗിക്കുന്നതെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഇതേ സാഹചര്യമുള്ള സമീപ പ്രദേശത്തെ പഞ്ചായത്തുകളിൽ 1$m^2$ കയർഭൂവസ്ത്രം വിരിക്കുന്നതിന് 1.05$m^2$ അളവിൽ മാത്രമാണ് കയർഭൂവസ്ത്രം ഉപയോഗിക്കുന്നത്. മാത്രവുമല്ല, 2023-24 വർഷം സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം അനുവദനീയമായ നിരക്കിലാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്.(1$m^2$ കയർഭൂവസ്ത്രം വിരിക്കുന്നതിന് 1.05$m^2$ അളവിൽ) ഇരു വശങ്ങളും 10 സെ.മീ. വീതം മടക്കി മുളയാണി തറച്ചാൽ മാത്രമെ, കയർഭൂവസ്ത്രം മാടിയിൽ നിന്നും ഊർന്നു പോകാതെ ശരിയായ രീതിയിൽ ഉറപ്പിക്കാൻ കഴിയൂ എന്ന മറുപടി അംഗീകരിച്ചാൽ പോലും, 1 മീറ്റർ വീതിയിൽ കയർഭൂവസ്ത്രം വിരിക്കുന്നതിന് 2.2$m^2$ (2.2x1) കയർഭൂവസ്ത്രം മതിയാകും. ആയതിനാൽ തന്നെ ഇത് സംബനധിച്ച് നൽകിയ മറുപടി അംഗീകരിക്കാവുന്നതല്ല. തൻവർഷം നടപ്പിലാക്കിയ ഇത്തരത്തിലുള്ള എല്ലാ പ്രവൃത്തികളിലുമായി ലക്ഷക്കണക്കിന് രൂപയാണ് ഇത്തരത്തിൽ കയർഭൂവസ്ത്രത്തിന്റെ വിലയിനത്തിൽ അധികം ചെലവഴിച്ചിട്ടുള്ളത്. തുടർവർഷങ്ങളിൽ ഇത്തരം അധികം ചെലവ് ഒഴിവാക്കേണ്ടതും, എസ്റ്റിമേറ്റിൽ അനുവദിച്ചിട്ടുള്ള അളവിൽ മാത്രം പ്രവൃത്തി നിർവ്വഹിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-28 ടാർ വീപ്പയുടെ വില കുറവു ചെയ്യുന്നത് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

2022-23 വർഷം വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര്/ പ്രൊജക്ട് നം. | ഈടാക്കിയ തുക | ഫണ്ടിനം. | ബിൽ നമ്പർ, തിയതി, തുക |
|---|---|---|---|---|
| 1 | 3-ാം വാർഡിൽ പള്ളി ഭഗവതി ക്ഷേത്രം മുതൽ മണമേൽ പാലം വരെ റോഡ് റീ-ടാറിംഗ്-പ്രൊജക്റ്റ് നം – എസ്സ് 0034/23 | 3091/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 06/22-23,dt.03 /10/22, Rs-636502/- |
| 2 | 3-ാം വാർഡിൽ പരുത്തിക്കാട് പാലം ആക്കനടി റോഡ് റീ-ടാറിംഗ് – പ്രൊജക്റ്റ് നം | 6463/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 05/22-23,dt.03 /10/22, Rs-677171/- |

| | | | | |
|---|---|---|---|---|
| | – എസ്സ്-0033/23 | | | |
| 3 | 5-ാം വാർഡിൽ കയ്യാത്തറ റോഡ് ടാറിംഗ് – പ്രോജക്ട് നം.S0033/23 | 2529/- | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 01/22-23,dt.16/05/22, Rs-414889/- |
| | ആകെ | 12083/- | | |

ജി.ഒ.(പി)177/06 ധനം 12.04.06 ഉത്തരവ് ഖണ്ഡിക 10.3 ലെ നിർദ്ദേശ പ്രകാരം സഞ്ചിതനിധിയിൽ നിന്നും അധികം പിൻവലിച്ച തുക ചെലാൻ മുഖേന സഞ്ചിത നിധിയിൽ തിരികെ ഒടുക്കേണ്ടതാണ്. ഒഴിഞ്ഞ ടാർ വീപ്പയുടെ വിലയും നികുതിയും ഉൾപ്പെടെ ബില്ലിൽ നിന്നും കുറവ് ചെയ്യുന്ന തുക, ആ പ്രവൃത്തിക്ക് വകയിരുത്തിയ ഫണ്ടിൽ നിന്നുമുള്ള ചെലവാണ്. ആയതിനാൽ ഈയിനത്തിൽ സെക്രട്ടറിയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക ഏതു ഫണ്ടിൽ നിന്നാണോ ചെലവഴിച്ചത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്), അതേ ഫണ്ടിൽ തന്നെ ഖണ്ഡിക 10.3 പ്രകാരമുള്ള നിബന്ധനകൾ പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. മേൽ സൂചിപ്പിച്ച പ്രവർത്തികളുടെയും, കൂടാതെ തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ ടാർ റോഡ് പ്രവർത്തികളുടെയും ബില്ലിൽ നിന്നും ഈയിനത്തിൽ കുറവ് ചെയ്ത തുകയും ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക വരുത്തിയിട്ടുണ്ടോയെന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (21/11.12.23) ലഭ്യമാക്കിയ മറുപടിയിൽ, തുടർ വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്നും, സെക്രട്ടറിയുടെ അക്കൌണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്കുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. തൻവർഷം നടപ്പിലാക്കിയ മറ്റെല്ലാ ടാർ റോഡ് പ്രവൃത്തികളുടെയും ബില്ലിൽ നിന്നും ഈയിനത്തിൽ കുറവ് ചെയ്ത തുകകൾ സെക്രട്ടറി ബന്ധപ്പെട്ട ശീർഷകത്തിൽ ഒടുക്ക വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-29 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയതിൽ കുറവ്

ആയുർവേദാശുപത്രി മെയിന്റനൻസ്-

| | |
|---|---|
| പ്രോജക്ട് നം. | S0037/23 |
| അടങ്കൽ. | 3,99,900/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| കരാറുകാരൻ | റെജിമോൻ ഏലിയാസ് |
| എഗ്രിമെന്റ് നം. | 23/Quotation/AE/LID&EW/NPR/21-22/20.07.22 |
| കരാർ തുക | 3,53,637/- |

ഗ്രാമ പഞ്ചായത്തിലെ ആയുർ വേദാശുപത്രി മെയിന്റനൻസ് എന്ന പ്രവർത്തിയുടെ ടെണ്ടർ വിളിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട്ചെയ്ത റെജിമോൻ ഏലിയാസ് എന്ന കരാറുകാരന്റെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നു. പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 2 മാസമായിരുന്നു. അതനുസരിച്ച് 19-09-22ൽ ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരണ കാലാവധിക്കുള്ളിൽ ഈ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിനാൽ, പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിന്

അപേക്ഷ നൽകണമെന്ന് കാട്ടി 10.01.23-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ കരാറുകാരന് കത്ത് നൽകിയതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പിഴ ഒടുക്കി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. തുടർന്ന് 12.01.23-ലെ 3(6)-ാം നമ്പർ തീരുമാനപ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അംഗീകാരം നൽകുകയും, 16.03.23-ലെ അടിയന്തര യോഗത്തിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം 1% പിഴ ഈടാക്കി 31.03.23 വരെ കാലാവധി നീട്ടി നൽകുന്നതിന് കമ്മിറ്റി അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. സർക്കാർ ഉത്തരവ് (പി)13/2012/PWD/1.2.2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിതസമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെവന്നാൽ നിശ്ചിത സമയത്തിനകം അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം അപേക്ഷിക്കുകയാണെങ്കിൽ PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത സംഗതികളിൽ,പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, കരാർ തീയതിക്കുള്ളിലോ, പൂർത്തീകരണത്തിന് അധികമായി അനുവദിച്ച് നൽകിയ തീയതിക്കുള്ളിലോ, പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം, ഇപ്രകാരം പൂർത്തീകരണം വൈകുന്ന ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഒടുക്കേണ്ടതാണ്. എന്നാൽ ഇവിടെ കരാറുകാരൻ അപേക്ഷ നൽകിയതായി ഫയലിൽ കാണുന്നില്ല. മാത്രവുമല്ല, നിയമാനുസൃത പിഴ ഒടുക്കിയിട്ടുമില്ല. കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത സംഗതികളിൽ, പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, കരാർ തീയതിക്കുള്ളിലോ, പൂർത്തീകരണത്തിന് അധികമായി അനുവദിച്ച് നൽകിയ തീയതിക്കുള്ളിലോ, പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം, ഇപ്രകാരം പൂർത്തീകരണം വൈകുന്ന ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഒടുക്കേണ്ടതാണ്. എന്നാൽ ഈ പ്രവർത്തിയിൽ മേൽ രേഖപ്പെടുത്തിയ തീരുമാന പ്രകാരം 1% പിഴ ഈടാക്കിയത് മൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19.09.22 (2 മാസം)

പൂർത്തീകരിച്ച തീയതി- 10.03.23

അധികം എടുത്ത സമയം – 24 ആഴ്ച = 2.4%

353637/- X 2.4% =8,487/- രൂപ

ഈടാക്കിയ ഫൈൻ = 3,262/- രൂപ

കുറവ് = 8487- 3262 =5,225/- രൂപ

<u>അനുബന്ധ വിവരങ്ങൾ-</u>

ബിൽ നം., തീയതി, തുക -1)20/22-23,dt.25.03.23, Rs-3,84,938/-

M Book – 183/22, പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19.09.22 (2 മാസം)

പൂർത്തീകരിച്ച തീയതി- 10.03.23

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/11.12.23) മറുപടി ലഭിച്ചില്ല. കരാറുകാരനിൽ നിന്നും 5,225/- രൂപ ഫൈൻ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലൈസൻസ് ഫീസ്, മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല

1) മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയില്ല

2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന്റെ അടിസ്ഥാനത്തിൽ ഭേദഗതി ചെയ്യപ്പെട്ട 1996-ലെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കൽ ചട്ടങ്ങളിലെ, 7 ആം ചട്ടത്തിലെ പട്ടിക II പ്രകാരം വ്യാപാര/ വ്യവസായ സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനത്തിന്റെ വാർഷിക ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത്.

2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനം ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ലൈസൻസ് അനുവദിയ്ക്കുന്നതിന് ഹാജരാക്കിയ നിരാക്ഷേപ പത്രമായ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള മൂലധന നിക്ഷേപത്തിന് അനുസൃതമായി കേരളാ പഞ്ചായത്തി രാജ് ആക്ട്- 232 വകുപ്പിന്റെ 31-10-2017 ലെ ഭേദഗതി ചട്ടങ്ങളിലെ ചട്ടം 7 പട്ടികII പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം / | PCB രജിസ്ട്രേഷൻ നമ്പർ / PCB | ഇടാക്കേണ്ട ലൈസൻസ് ഫീസ് | ഈടാക്കിയ ലൈസൻസ് ഫീസ് | അധികമായി ഇടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | ഡിവൈൻ റബ്ബർ പ്രോഡക്ട്സ്. | PCB/ALP /IC-876 /R.3/18. Valid Up To 30/6/23 47 ലക്ഷം. | 1000 | 500 | 500 |

2) മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയത് നിയമാനുസൃതമല്ല

2022-23 വർഷത്തെ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും നല്കുന്ന ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ സൂചിപ്പിച്ച പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങളുടെ കുതിര ശക്തിയ്ക്ക് അനുസൃതമായി പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 18 പട്ടികIII ന അനുസൃതമായി ഇടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അപേക്ഷ പ്രകാരമുള്ള യന്ത്രത്തിൻറെ കുതിര ശക്തി | ഈടാക്കിയ മോട്ടോർ റണ്ണിംഗ് ഫീസ് | ഇടാക്കേണ്ട മോട്ടോർ റണ്ണിംഗ് ഫീസ് | അധികമായി ഇടാക്കേണ്ട തുക |
|---|---|---|---|---|---|
| 1 | P.N.T | 150 HP | 200 | 2000 | 1800 |

| | | | | | |
|---|---|---|---|---|---|
| | പൊളിമേഴ്സ് പ്രിന്റിങ് യൂണിറ്റ് | | | | |
| 2 | ഡിവൈൻ റബ്ബർ പ്രോഡക്ട്സ് | 255 HP | 2000 | 2550 | 550 |
| | ആകെ | | | | 2350/- |

മേൽ സൂചിപ്പിച്ച വരുമാന നഷ്ടം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം: 09, 07.12.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസിനത്തിലും മോട്ടോർ റണ്ണിങ് ഫീസിനത്തിലുമായി അധികമായി ഇടാക്കേണ്ട 2,850/- രൂപ സ്ഥാപനങ്ങളിൽ നിന്നും അടവാക്കി വിഷയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.ലൈസൻസ് ഫീസും മോട്ടോർ റണ്ണിങ് ഫീസും സർക്കാർ ചട്ടങ്ങൾക്ക് അനുസൃതമായി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204, 205 വകുപ്പുകൾ അവയുടെ കീഴിൽ ഉണ്ടാക്കിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കുറയാതെ ബിസിനസ് നടത്തുന്നവരോ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ ഏതൊരു സ്ഥാപനം/വ്യക്തിയിൽ നിന്നും ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം അവരുടെ ആദായം അല്ലെങ്കിൽ വിറ്റുവരവ് ആസ്പദമാക്കി ഓരോ അർദ്ധവർഷവും തൊഴിൽ നികുതി ചുമത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ഇനത്തിൽ ലഭിക്കാവുന്ന മുഴുവൻ തൊഴിൽ നികുതി വരുമാനവും ഈടാക്കുന്നതിന് ശ്രമിക്കുന്നില്ല.

1) ഗ്രാമപഞ്ചായത്ത് പരിധിയിൽ അറുപത് ദിവസത്തിൽ കൂടുതൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച താഴെ സൂചിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ/ ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനത്തിന് അനുസൃതമായിട്ടുള്ള ചട്ട പ്രകാരമുള്ള തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തതിനാൽ തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് 5,700/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് / തസ്തിക | അർദ്ധവാർഷിക വരുമാനം | ജോലി ചെയ്ത കാലയളവ് | ഒടുക്കേണ്ട തൊഴിൽ നികുതി | അർദ്ധവർഷം |
|---|---|---|---|---|---|
| 1, | ആരിഫ്ഖാൻ വി.ഇ.ഒ | 1,91,454/- | 01-04-22 മുതൽ 31-03-23 | 1250 | 2022-23 II[nd] |
| 2, | സതീഷ് കുമാർ വി.ഇ.ഒ | 1,55,511/- | 01-04-22 മുതൽ 22-07-22 | 1250 | 2022-23 I[st] |
| 3 | സവിദ്യാ ഷിജോ ബഡ്സ് സ്കൂൾ | 1,20,000/- | 01-04-22 മുതൽ 31-03-23 | 1000X 2= 2000 | 2022-23 I[St] & II[Nd] |

| | | | | | |
|---|---|---|---|---|---|
| 4 | സ്മിതാ മോൾ ബഡ്സ് സ്കൂൾ | 72,000/- | 01-04-22 മുതൽ 31-03-23 | 600X 2= 1200 | 2022-23 I St & II Nd |
| | ആകെ | | | 5,700/- | |

മേൽ സൂചിപ്പിച്ച ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ഇടാക്കേണ്ട തുക പഞ്ചായത്തിൽ അടവാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2) താഴെ പറയുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാൻഡിൽ ഉൾപ്പെടുന്നില്ല. ഈ സ്ഥാപനങ്ങളെ ഡിമാൻഡ് ചെയ്യാതിരുന്നതിന്റെ കാരണം വ്യക്തമല്ല.

I) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ

1) പത്തിൽ ഫൈനാൻസിയേഴ്സ്

2) ചൈതന്യാ ഫൈനാൻസിയേഴ്സ്

II)ഗ്രാമപഞ്ചായത്തിന്റെ പദ്ധതിപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന താഴെ പറയുന്ന ക്ഷീരസംഘങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) ഈര ക്ഷീരോൽപാദക സഹ: സംഘം

2) പാലേടം ക്ഷീരോൽപാദക സഹ: സംഘം

III) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1, | വില്ലേജ് ഓഫീസ്, നീലംപേരൂർ | 2022-23 I St & II Nd |
| 2, | വില്ലേജ് ഓഫീസ്, കാവാലം | 2022-23 I St & II Nd |
| 3 | പോസ്റ്റ് ഓഫീസ്, ചേന്നങ്കരി | 2022-23 II Nd |
| 4 | പോസ്റ്റ് ഓഫീസ്, നാരകത്തറ | 2022-23 I St |
| 5 | യൂണീക്ക് ഹാൻറി ക്രാഫ്റ്റ്, നീലംപേരൂർ | 2022-23 II Nd |
| 6 | ട്രൊപ്പിക്കൽ സ്പൈസസ് | 2022-23 II Nd |
| 7. | ജി.ഗിരീഷ്,<br>ബഡ്സ് സ്കൂൾ ഡ്രൈവർ | 2022-23 I St & II Nd |

മേൽ സൂചിപ്പിച്ച സ്ഥാപനം/ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽ നികുതി ഈടാക്കാത്തതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14 /08.12.23) മറുപടി ലഭിച്ചില്ല. ഇത്തരത്തിൽ തൊഴിൽ നികുതി ഈടാക്കാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നുണ്ട്. മേൽ സ്ഥാപനങ്ങളിലെ ഉടമ/ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല -പഞ്ചായത്തിന് വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ്

സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250 രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഇടാക്കേണ്ടതാണ്. 2022-23ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | പത്തിൽ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 2 | ചൈതന്യാ ഫിനാൻസിയേഴ്സ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 3 | കട്ടമ്മേൽ മൾട്ടി ഡിസ്ട്രിബ്യൂട്ടേഴ്സ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 4 | കൈനടി സർവീസ് കോപ്പറേറ്റീവ് ബാങ്ക് - നം 3814 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 5 | ചെറുകര സർവീസ് കോപ്പറേറ്റീവ് സൊസൈറ്റി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 6 | നീലംപേരൂർ എസ്.സി.ബി. നം.1788 | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 7 | ഈര ക്ഷീരോൽപാദക സഹ: സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 8 | പാലേടം ക്ഷീരോൽപാദക സഹ: സംഘം | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 9 | സൌത്ത് ഇന്ത്യൻ ബാങ്ക് | ഒന്നാം അർദ്ധവർഷം | 1250X1= 1250 |
| 10 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൈനടി | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |
| 11 | പെരുമ്പുഴ ഫിനാൻസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങളിൽ | 1250X2= 2500 |

| | | |
|---|---|---|
| | ആകെ | 26,250/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കാത്തത് മൂലം നികുതിയിനത്തിൽ പഞ്ചായത്തിന് 26,250/- രൂപയുടെ വരുമാന നഷ്ടം ഉണ്ടായി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:15,08/12/23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 വസ്തുനികുതി ഈടാക്കിയത് ക്രമപ്രകാരമല്ല- വരുമാന നഷ്ടം

വാണിജ്യാവശ്യത്തിനായി നിർമ്മിച്ച കെട്ടിടത്തിന്റെ വസ്തുനികുതി, ടി കെട്ടിടത്തിന്റെ ഉപയോഗക്രമം കണക്കിലെടുത്ത് ഒന്നായി കണ്ട് നിശ്ചിത നിരക്കിൽ നികുതി നിർണ്ണയിക്കാതെ അതിനെ ഒന്നിലധികം മുറികളായി വിഭജിച്ച് പ്രത്യേകം മുറികൾ എന്ന രീതിയിൽ കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതു മൂലം പഞ്ചായത്തിന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വസ്തുനികുതിയിൽ കുറവ് വന്നിട്ടുള്ളതായി പരിശോധനയിൽ കാണുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) ൽ ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നതനുസരിച്ച് വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്. അതായത് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾ ചെറിയ മുറികൾ/ഹാളുകളായി തിരിച്ച് നികുതി നിർണ്ണയിക്കുന്നതിനു പകരം അവയെ ഒന്നായി കണ്ട് നികുതി കണക്കാക്കേണ്ടതാണ്. കെട്ടിടത്തെ ഒന്നായി കണ്ട് ആനുപാതികമായ ഉയർന്ന നിരക്കിൽ നികുതി നിശ്ചയിക്കുന്നതിനു പകരം കെട്ടിടത്തെ ഒന്നിലധികം മുറികളായി കണക്കാക്കി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിക്കുകയാണ് ചെയ്യുന്നത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപ്പഞ്ചായത്തിലെ വാർഡ് 5ൽ ശ്യാം കുമാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 120.64 ച.മീ. വിസ്തീർണ്ണമുള്ള (കെട്ടിട നം: 5/226-A, 5/226-B, 5/226-D) കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച:മീറ്ററിലധികം തറ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഇടാക്കേണ്ട ച:മീറ്ററിന് 60/- രൂപാ നിരക്കിൽ വസ്തുനികുതി കണക്കാക്കുന്നതിന് പകരം ടി കെട്ടിടത്തെ 3 വ്യത്യസ്ത കെട്ടിട ഭാഗങ്ങളായി (കടമുറികളായി) കണക്കാക്കി 100 ച.മീ വരെ തറ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന്റെ ച:മീറ്ററിന് 50/-രൂപാ- എന്ന കുറഞ്ഞ നിരക്കിൽ വസ്തുനികുതി കണക്കാക്കിയത് മൂലം, വസ്തുനികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനത്തിൽ നഷ്ടം ഉണ്ടായതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കണക്കാക്കേണ്ട വസ്തുനികുതി<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം(- 20%)+<br>ലൈബ്രറി സെസ്സ്(5%)+<br>സർവീസ് ചാർജ്(10%)<br>(നികുതി നിരക്ക്:60രൂ /ച.മീ.) | കണക്കാക്കിയ വസ്തുനികുതി (സഞ്ചയ പ്രകാരം)<br>അടിസ്ഥാന നികുതി+<br>വഴി സൌകര്യം(- 20%)+<br>ലൈബ്രറി സെസ്സ്(5%)+<br>സർവീസ് ചാർജ്(10%)<br>(നികുതി നിരക്ക്:50രൂ /ച.മീ.) |
|---|---|
| അടിസ്ഥാന നികുതി | 1) 5/226-A 49.44 $M^2$ @50/- |

| | | |
|---|---|---|
| 120.64 X60 = 7238.4/-<br>മേഖല (ഇളവ്-20%)= 1447.7<br>വഴിസൌകര്യം(വർദ്ധനവ് 20%)= 1447.7/-<br>ആകെ= 7238.4+1447.7-1447.7 = 7238.4<br>സർവീസ് ചാർജ്(10%)= 723.8/-<br>ലൈബ്രറി സെസ്സ് (5%)= 362/-<br>ആകെ = 7238.4+723.8+362= 8,324/- | | 2472-494.4+494.4+130+260 = 2862<br>2) 5/226 B- 45 $M^2$ @50/-<br>2250-450+450+113+225 = 2588<br>3) 5/226 D- 26.2 $M^2$ @50/-<br>1310-262+262+131+66 = 1507<br>ആകെ = 2862+2588+1507 = 6957/- |
| ആകെ | 8,324/- | 6,957/- |
| നികുതി നിർണ്ണയത്തിൽ ഉണ്ടായ കുറവ് | | 1,367/- |

മേൽ സൂചിപ്പിച്ച 3 കെട്ടിടങ്ങളേയും ഒറ്റ കെട്ടിടമായി പരിഗണിക്കാതെ വ്യത്യസ്ത കെട്ടിടങ്ങളായി പരിഗണിച്ച് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചതിനാൽ വസ്തുനികുതിയിനത്തിൽ 1,367/-രൂപയുടെ നഷ്ടം ഉണ്ടായി. ടി കെട്ടിടത്തിന്റെ വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/08-12-23) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികമായി ഇടാക്കേണ്ട 1,367/- രൂപ പഞ്ചായത്തിൽ അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഹരിതകർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾ പദ്ധതി അപാകതകൾ

പ്രോജക്ട് നം -S0002/23

നിർവ്വഹണം - വി.ഇ.ഒ.

അടങ്കൽ - 2,88,000 /- (ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ് - 34,650 - (69/16.09.2023)

-11500 (108 /14.11.2022)

15515 - (202 / 01.03.2023)

വി.ഇ.ഒ. നടപ്പാക്കിയ ഹരിതകർമ്മസേനയുടെ തുടർ പ്രവർത്തനങ്ങൾ എന്ന പദ്ധതിക്കായി 2022-23 വർഷം 61,665/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹനവാടക, മറ്റ് അനുബന്ധ ചെലവുകൾ എന്നിവയ്ക്കാണ് തുക ചെലവഴിച്ചത്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിന്ന് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് എം.സി.എഫിൽ എത്തിക്കുന്നതിന് വാഹനവാടക ഇനത്തിൽ 25,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ടോം കുര്യാക്കോസ്, ബാഹുലേയൻ എന്നിവർക്കാണ് തുക അനുവദിച്ചത്. വാഹനം വാടകയ്ക്ക് എടുക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. വാഹനം ഓടിയതിന്റെ ട്രിപ്പ് ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കാർ അംഗീകൃത നിരക്ക് അനുസരിച്ചാണോ തുക അനുവദിച്ചതെന്ന് വ്യക്തമല്ല. ഫയൽ പരിശോധിച്ചതിൽ ടോം കുര്യാക്കോസിന് 19,500 /- രൂപ വാഹനവാടക ഇനത്തിൽ നൽകിയിട്ടുണ്ട്. മെയ് മാസം 10, 11, 13 തീയതികളിൽ ഓടിയതിന് 7,500/- രൂപയുടെയും ജൂലൈ 22, 23 തീയതികളിൽ ഓടിയതിന് 6,000/- രൂപയുടെയും

വൌച്ചറുകളാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. ബാക്കിയുള്ള 6000 രൂപ നൽകിയത് കൈപ്പറ്റിയതിന്റെ രേഖകളോ, വാഹനം ഓടിയത് തെളിയിക്കുന്ന രേഖകളോ ഫയലിൽ ലഭ്യമല്ല. അതിനാൽ 6000 രൂപ അധികം നൽകിയതായി കാണുന്നു.

മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി മറ്റൊരു വാഹനം 7.10.2022-ൽ ഉപയോഗിച്ചതിന് ബാഹുലേയൻ എന്ന വ്യക്തിക്ക് 5,500/- രൂപ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 3,000/- രൂപയുടെ വൌച്ചറുകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വാഹനം ഓടിയത് തെളിയിക്കുന്ന സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കിയിട്ടില്ല. മേൽ വിവരങ്ങളിൽ നിന്നും ടോം കുര്യാക്കോസിന് 6,000/- രൂപയും ബാഹുലേയന് 2,500/- രൂപയും അധികം നൽകിയിട്ടുണ്ട് എന്ന് കാണുന്നു. ആകയാൽ പ്രസ്തുത തുക 8,500/- രൂപ ടി വ്യക്തികളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായിരിക്കും.

3-2 പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പ്രവൃത്തിക്ക് പിഴ ഈടാക്കിയതിൽ കുറവ്

ആയുർവേദാശുപത്രി മെയിന്റനൻസ്-

| | |
|---|---|
| പ്രോജക്റ്റ് നം. | S0037/23 |
| അടങ്കൽ. | 3,99,900/- (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| കരാറുകാരൻ | റെജിമോൻ ഏലിയാസ് |
| എഗ്രിമെന്റ് നം. | 23/Quotation/AE/LID&EW/NPR/21-22 /20.07.22 |
| കരാർ തുക | 3,53,637/- |

ഗ്രാമ പഞ്ചായത്തിലെ ആയുർവേദാശുപത്രി മെയിന്റനൻസ് എന്ന പ്രവർത്തിയുടെ ടെണ്ടർ വിളിച്ചതിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത റെജിമോൻ ഏലിയാസ് എന്ന കരാറുകാരന്റെ ക്വട്ടേഷൻ അംഗീകരിച്ചിരുന്നു. പ്രവർത്തിയുടെ പൂർത്തീകരണ കാലാവധി 2 മാസമായിരുന്നു. അതനുസരിച്ച് 19.09.22-ൽ ഈ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പൂർത്തീകരണ കാലാവധിക്കുള്ളിൽ ഈ പ്രവർത്തി പൂർത്തീകരിക്കാതിരുന്നതിനാൽ, പൂർത്തീകരണ കാലാവധി നീട്ടി നൽകുന്നതിന് അപേക്ഷ നൽകണമെന്ന് കാട്ടി 10.01.23-ൽ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനീയർ കരാറുകാരന് കത്ത് നൽകിയതിന്റെ കോപ്പി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ പിഴ ഒടുക്കി കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. തുടർന്ന് 12-01-23 ലെ 3(6)-ാം നമ്പർ തീരുമാനപ്രകാരം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് അംഗീകാരം നൽകുകയും, 16-03-23 ലെ അടിയന്തര യോഗത്തിലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം 1% പിഴ ഈടാക്കി 31-03-23 വരെ കാലാവധി നീട്ടി നൽകുന്നതിന് കമ്മിറ്റി അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. സർക്കാർ ഉത്തരവ് (പി)13/2012/PWD/1.2.2012 സെക്ഷൻ 2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവർത്തി നിശ്ചിതസമയത്തിനകം പൂർത്തീകരിക്കാൻ കഴിയാതെവന്നാൽ നിശ്ചിത സമയത്തിനകം അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം അപേക്ഷിക്കുകയാണെങ്കിൽ PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല.എന്നാൽ കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത സംഗതികളിൽ,പൊതുമരാമത്ത് മാനവലിലെ സെക്ഷൻ 2116.1 പ്രകാരം, കരാർ തീയതിക്കുള്ളിലോ, പൂർത്തീകരണത്തിന് അധികമായി അനുവദിച്ച് നൽകിയ തീയതിക്കുള്ളിലോ, പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം, ഇപ്രകാരം പൂർത്തീകരണം

വൈകുന്ന ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഒടുക്കേണ്ടതാണ്. എന്നാൽ ഇവിടെ കരാറുകാരൻ അപേക്ഷ നൽകിയതായി ഫയലിൽ കാണുന്നില്ല. മാത്രവുമല്ല, നിയമാനുസൃത പിഴ ഒടുക്കിയിട്ടുമില്ല.കരാറുകാരൻ അപേക്ഷ സമർപ്പിക്കാത്ത സംഗതികളിൽ, പൊതുമരാമത്ത് മാനുവലിലെ സെക്ഷൻ 2116.1 പ്രകാരം, കരാർ തീയതിക്കുള്ളിലോ, പൂർത്തീകരണത്തിന് അധികമായി അനുവദിച്ച നൽകിയ തീയതിക്കുള്ളിലോ, പ്രവർത്തി പൂർത്തീകരിക്കാത്ത പക്ഷം, ഇപ്രകാരം പൂർത്തീകരണം വൈകുന്ന ഓരോ ആഴ്ചയ്ക്കും കരാർ തുകയുടെ 0.1% എന്ന നിരക്കിൽ (പരമാവധി കരാർ തുകയുടെ 10%) പൂർത്തീകരണം വൈകിയതിനുള്ള നഷ്ടപരിഹാരം/ലിക്വിഡേറ്റഡ് ഡാമേജ് ആയി ഒടുക്കേണ്ടതാണ്. എന്നാൽ ഈ പ്രവർത്തിയിൽ മേൽ രേഖപ്പെടുത്തിയ തീരുമാന പ്രകാരം 1% പിഴ ഈടാക്കിയത് മൂലം ചുവടെ ചേർക്കും പ്രകാരം നഷ്ടം ഉണ്ടായിട്ടുണ്ട്.

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-09-22 (2 മാസം)
പൂർത്തീകരിച്ച തീയതി- 10-03-23
അധികം എടുത്ത സമയം – 24 ആഴ്ച. = 2.4%

353637/- X 2.4% =8487/- രൂപ
ഈടാക്കിയ ഫൈൻ = 3262/- രൂപ
കുറവ് = 8487- 3262 =5225/- രൂപ
അനുബന്ധ വിവരങ്ങൾ-

ബിൽ നം, തീയതി, തുക -1)20/22-23,dt.25/03/23, Rs-384938/-
M Book – 183/22,പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 19-09-22 (2 മാസം)
പൂർത്തീകരിച്ച തീയതി- 10-03-23

മേൽ രേഖപ്പെടുത്തിയ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/11.12.23) മറുപടി ലഭിച്ചില്ല. കരാറുകാരനിൽ നിന്നും 5,225/- രൂപ ഫൈൻ ഈടാക്കി അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

### 3-3 പത്രപ്പരസ്യം -നിർദ്ദിഷ്ട വലുപ്പത്തിൽ കൂടിയ അളവിൽ നൽകുന്നത് മൂലം അധിക ചെലവ്

പ്രോജക്ട് നം.66/23

പദ്ധതി രൂപീകരണ മോണിട്ടറിംഗ് ചെലവുകൾ

അടങ്കൽ-200000 (വികസന ഫണ്ട്)

ചെലവ് - 200000/-

നിർവ്വഹണം - സെക്രട്ടറി

സ.ഉ(അ)/01/04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04 ഉത്തരവിലൂടെ വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് ദേശാഭിമാനി ദിനപത്രത്തിൽ നൽകിയ ടെണ്ടർ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു. ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയ്സ് നം./ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിച്ച തുക @220/cm$^2$ +Gst | 3x8cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് | അധികം നൽകിയ തുക | ചെലവിന്റെ വിവരം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | സ്ക്വയറിൽ) | | ഡിസ്കൗണ്ട് കഴിഞ്ഞ് അനുവദിക്കാവുന്ന തുക 220/$cm^2$ +Gst | | |
| 1 | ALP22-23/ 2141/ 14.02.23 | 5x8 =40$cm^2$ | (8800-1320)7480 | (5280-792) 4488 | 2992 | BRN1351250/ 15.03.23 |
| 2 | ALP/22-23 /1978/ 28.01.23 | 8x4 =32$cm^2$ | @220 (7040-1056)5984 | (5280-792) 4488 | 1496 | |
| 3 | ALP/22-23 /2232/ 25.02.23 | 8x3.5 =28$cm^2$ | (6160-924) 5236 | 4488 | 748 | |
| 4 | ALP/22-23 /1503/ 03.12.22 | 8x3.5 =28$cm^2$ | (6160-924) 5236 | 4488 | 748 | BRN900939201/ 20.12.22 |
| 4 | ALP/22-53 /1351/ 15.11.22 | 8x4 =32$cm^2$ | 5984 | 4488 | 1496 | |
| 6 | ALP/22-23 /1215/ 27.10.22 | 8x4 =32$cm^2$ | 5984 | 4488 | 1496 | |
| | ആകെ | | 35904 | 26928 | 8976 | |

ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/08.12.23) മറുപടി ലഭിച്ചില്ല. ടെണ്ടർ/ദർഘാസ് പരസ്യങ്ങൾ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി നൽകിയത് മൂലം ഉണ്ടായ അധിക ചെലവ് അംഗീകരിക്കുന്നില്ല. അധികം നൽകിയ 8976/- രൂപ സ്ഥാപനത്തിൽ നിന്നും ഈടാക്കി അടയ്ക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയുടെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 80,000 | പാലിയേറ്റീവ് കെയർ | 80,000 | 0 |

| | | | | | |
|---|---|---|---|---|---|
| ഷെയർ | | | | | |
| ബ്ലോക്ക് പഞ്ചായത്ത് ഷെയർ | 2022-23 | 2,78,280 | ബഡ്സ് സ്കൂൾ ഡ്രൈവർക്ക് വേതനം | 2,78,280 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഷെയർ | 2022-23 | 1,83,563 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,83,563 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ഷെയർ | 2022-23 | 3,00,000 | അനുപൂരക പോഷകാഹാര പദ്ധതി | 3,00,000 | 0 |
| ആകെ | | 8,41,843 | | 8,41,843 | |
| ജില്ലാപഞ്ചായത്ത് ഷെയർ | 2022-23 | 78,040 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 78,040 | 0 |
| ജില്ലാപഞ്ചായത്ത് ഷെയർ | 2022-23 | 3,99,311 | അനുപൂരക പോഷകാഹാര പദ്ധതി | 3,99,311 | 0 |
| ആകെ | | 4,77,351 | | 4,77,351 | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | സ്ട്രീറ്റ് ലൈൻ വലിക്കൽ(പ്രോജക്ട് നം. 1/23) | (1) 509878/-(BRN 901300568/06.03.23)<br>(2) 1761920 (ബിൽ നം.212/03.03.23) | 22,71,798 | 0 | 22,71,798 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാ വസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | ജി.ഒ. 6872/22 /ഫിൻ /12.10.2022 ജി.ഒ. 1049/23 /ഫിൻ /13.02.2023 | | 1,02,24,000 | 14,37,661 | | 87,86,339 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1,35,067/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2020-21 | 1-27 | 1,957 | ശ്രീമതി അജിത അനീഷ് അസിസ്റ്റന്റ് എഞ്ചിനീയർ | 1220100071 തീയതി 29.04.2022 |
| 2020-21 | 1-11 | 2,200 | ശ്രീ.എൻ.യു.ആൻഡ്രൂസ് | 1220100095 തീയതി 06.05.2022 |
| 2019-20 | 1-15 | 21,730 | ശ്രീമതി രാജി ആർ., ഡയറി ഫാം ഇൻസ്ട്രക്ടർ | 1220100139 തീയതി 13.05.2022 |
| 2010-11 | 2-3(സി) 2-2 | 24,900 | ശ്രീ.ടി.എ.കുരുവിള | 1220100402 22.07.2022 |
| 2019-20 | 1-17 | 1,200 | ശ്രീ.ടോജോ ദേവസ്യ | 1220100152 തീയതി 16.05.22 |
| 2011-12 | 2-5 | 100 | ശ്രീ.ചെറിയാൻ മാത്യു | 1220100572 തീയതി 13.09.2022 |
| 2010-11,11-12,12-13 2-3© 2013-14,2014-15 2-1(3) | 2-3© 2-1(3) | 24,960 | ശ്രീ.പി.സി.കുര്യാക്കോസ് | 1220100558 തീയതി 03.09.2022 |
| ലഭ്യമല്ല | ലഭ്യമല്ല | 3,400 | ശ്രീ.വർഗീസ് പി.ജെ., | 1220100172 |

| | | | | |
|---|---|---|---|---|
| | | | തട്ടേൽ | തീയതി 23.05.2023 |
| ലഭ്യമല്ല | ലഭ്യമല്ല | 1,080 | ശ്രീ.ശശികുമാർ, മൂകാംബിക വുഡ് ഇൻഡസ്ട്രീസ് | 1220100312 തീയതി 20.06.2022 |
| ലഭ്യമല്ല | ലഭ്യമല്ല | 720 | ശ്രീ.മണിലാൽ, ആര്യാടംപാക്കൽ | 1220100318 തീയതി 20.06.2022 |
| ലഭ്യമല്ല | ലഭ്യമല്ല | 2,400 | ശ്രീ.സുരേഷ് ബാബു | 1220100144 തീയതി 16.05.2022 |
| ലഭ്യമല്ല | ലഭ്യമല്ല | 400 | സെക്രട്ടറി, എസ്.സി.ബി. നീലംപേരൂർ | 1220100144 തീയതി 23.05.2022 |
| ലഭ്യമല്ല | ലഭ്യമല്ല | 816 | ശ്രീ.സുരേഷ് ബാബു, മഴക്കോം | 1220100144 തീയതി 23.05.2023 |
| ലഭ്യമല്ല | ലഭ്യമല്ല | 1,307 | ശ്രീ.മധുസൂദനൻ | 1220100155 തീയതി 18.05.2022 |
| ലഭ്യമല്ല | ലഭ്യമല്ല | 44,200 | ശ്രീ.ടി.എ.കുരുവിള | 1220100511 തീയതി 26.08.2022 |
| 2019-20 | 1-11 | 1,250 | സെക്രട്ടറി, എസ്.സി.ബി നീലംപേരൂർ | 1220100152 തീയതി 17/05/2022 |
| 2020-21 | 1-25, 3-4 | 18,337 | ശ്രീ.രാജേഷ് പി.എച്ച്. | 1220100161 തീയതി 19.05.2022 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളില്ല.

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,43,83,303/- |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,31,01,894/- |
| വരവിനങ്ങളിലുള്ള നഷ്ടം | 36,167/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 22,701/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 23,64,996/- |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-11/2-1 | 2,850 | | ശ്രീമതി വി.ജയലത, സെക്രട്ടറി |
| 1-12/2-2 | 5,700 | | 1)ശ്രീ.എ.ജി.അനിൽകുമാർ, സെക്രട്ടറി-2850/- 2)ശ്രീ.അനിൽകുമാർ പി.കെ., സെക്രട്ടറി-2850/- |
| 1-13/2-3 | 26,250 | | 1)ശ്രീ.എ.ജി.അനിൽകുമാർ, സെക്രട്ടറി-13,750/- 2)ശ്രീ.അനിൽകുമാർ പി.കെ., സെക്രട്ടറി-12,500/- |
| 1-14/2-4 | 1,367- | | ശ്രീമതി വി.ജയലത, സെക്രട്ടറി |
| 3-1 | | 8,500 | ശ്രീ.ആരിഫ്ഖാൻ, വി.ഇ.ഒ. |
| 3-2 | | 5,225/- | ശ്രീമതി രശ്മി എൻ., അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19/3-3 | | 8,976/- | ശ്രീമതി അനിൽകുമാർ പി.കെ., സെക്രട്ടറി |
| ആകെ | 36,167/- | 22,701/- | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 34,400 | ശ്രീമതി മിനികുമാരി കെ.എസ്., ഹെഡ്മിസ്ട്രസ് |
| 1-21 | 22,71,798 | ശ്രീ.അനിൽകുമാർ പി.കെ., സെക്രട്ടറി |
| 1-25 | 58,798 | ശ്രീ.എ.ജി.അനിൽകുമാർ, സെക്രട്ടറി |

| | | |
|---|---|---|
| ആകെ | 23,64,996 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 920 | ശ്രീമതി അജിത അനീഷ്, അസിസ്റ്റന്റ് എൻജിനീയർ (Rs.770/-)<br>ശ്രീമതി രശ്മി എൻ., അസിസ്റ്റന്റ് എൻജിനീയർ (Rs.150/-) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനിൽകുമാർ പി.കെ., സെക്രട്ടറി | സെക്രട്ടറി, ചമ്പക്കുളം ഗ്രാമപഞ്ചായത്ത് | നിരഞ്ജനം, പെരിങ്ങലിപ്പുറം പി.ഒ., ആലപ്പുഴ |
| ശ്രീ.എ.ജി.അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, പാലമേൽ ഗ്രാമപഞ്ചായത്ത് | അനിൽ വിലാസം, പാറ്റൂർ പി.ഒ., നൂറനാട്- 690529 |
| ശ്രീ.ആരിഫ്ഖാൻ, വി.ഇ.ഒ. | വി.ഇ.ഒ., വെളിയനാട് ബ്ലോക്ക് | പഴയവീട്, കുമ്പഴ റോഡ്, കോന്നി, പത്തനംതിട്ട- 689691 |
| ശ്രീമതി സ്വാതി ദാസ്, അക്രഡിറ്റഡ് എഞ്ചിനിയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്. | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., നീലംപേരൂർ | പാലപ്പറമ്പ്, കിടങ്ങറ പി .ഒ, ആലപ്പുഴ |
| ശ്രീമതി വി.ജയലത, സെക്രട്ടറി | സെക്രട്ടറി, അരൂർ ഗ്രാമപഞ്ചായത്ത് | 371-ജാൻവി, വെട്ടിയാർ, ആലപ്പുഴ- 690558 |
| ശ്രീമതി രശ്മി എൻ., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, നീലംപേരൂർ ഗ്രാമപഞ്ചായത്ത് | എ.പ്രശാന്ത്, കൈത റോഡ്, ചെട്ടികുളങ്ങര പി.ഒ., |

| | | |
|---|---|---|
| | | മാവേലിക്കര-690106 |
| ശ്രീമതി മിനികുമാരി കെ.എസ്., ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്., ഈര | ഹെഡ്മിസ്ട്രസ്, ഗവ. എൽ.പി.എസ്., ഈര | പണ്ടാരിത്തറ, പാദുവ പി.ഒ., അയർക്കുന്നം, കോട്ടയം-686564 |
| ശ്രീമതി അജിത അനീഷ് | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ കൊച്ചിൻ കോർപ്പറേഷൻ എറണാകുളം | ഇത്തിപ്പറമ്പിൽ ഹൌസ്, പള്ളുരുത്തി പി.ഒ. കൊച്ചിൻ-682006 |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്.എ 14/1264/04, തീയതി – 07.12.2004 |
| 1994-95 | എൽ.എഫ്.എ 14/1265/04 തീയതി 06.11.2004 |
| 1995-96 | എൽ.എഫ്.എ 10/131/05 തീയതി 08.08.2005 |
| 1996-97(ചെലവ്) | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 1997-98 | എൽ.എഫ്.എ 10/203/03 തീയതി 03.08.2005 |
| 1997-98 (ചെലവ്) | എൽ.എഫ്.എ 4/303/01 തീയതി 02.03.2002 |
| 1998-99 (ചെലവ്) | എൽ.എഫ്.എ 4/11160/02 തീയതി 10.03.2003 |
| 1999-2000, 2000-01, 2001-02 (ചെലവ്)<br>2001-02 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 2002-03 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 2003-04 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2004-05 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2005-06 | എൽ.എഫ്.ജി.എ 10/772/09 തീയതി 22.03.2010/10.04.2010 |
| 2006-07 , 2009-10 | എൽ.എഫ്.എ.പി 5/575/14 തീയതി 09.05.2014/10.06.2014 |
| 2007-08 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |

| | |
|---|---|
| 2010-11, 2011-12, 2012-13 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 2013-14, 2014-15 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 2018-19 | കെ.എസ്.എ-എ.എൽ.പി-പി.10/1262/2022/തീയതി 02.05.2023 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.10/24/2022 തീയതി 19.03.2022 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി.10/25/2022 തീയതി 19.03.2022 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി.10/200/2023 തീയതി 29.03.2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# Annexure 1
# Audit Certificate

i. I have audited the attached Financial statements approved vide resolution number 3(1) dated 21-07-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Neelamperoor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Neelamperoor Grama Panchayat for the year 2022-2023

Date: 22/12/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Neelamperoor Grama Panchayat for the Year 2022-2023 .

**1.Major Observations**

1. It is seen that Rs.2271798/- has been invested in Kerala State Electricity Board for street line laying project under Project No. 1/23 during the year. Completion certificate is not available till date after completion of this project. These amounts do not appear to be fully included in the Balance Sheet Schedule B-18 under the head Advance to Implementing agencies Deposit with Kerala Electricity Board/Kerala Water Authority.

**2.Other Observations**

1.CFC grant tied expenditure in annual financial statement does not match with ACR, there is a difference of 4334/- rs seen.

2.As per Schedule I-6 of the Annual Financial Statement, MGNREGS expenditure is Rs.53469396 as total expenditure included in the annual accounts. But as per NREGS cash book the total expenditure is Rs.54409661/-. The difference is worth explaining.

3.The following papers are not included in the annual accounts as per accounting rules.

a).Ratios

b).Secretary's notes on the account

4.Demand collection amounts against property tax accruals do not match the annual figure.

5.Demand entries are not recorded in time. Demand entry for income items such as property tax, rent, license and tradesmen's employment tax is not recorded at the beginning of the year and every month thereafter. Demand entry has been recorded only on 31.03.2023.

6. 61000/- towards election deposit is left as liability in balance sheet B7 schedule. The amount shall be refunded or otherwise credited back to the Panchayat Fund.

Deputy Director
Kerala State Audit Department
District Audit Office, Alappuzha

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്